# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 ഒക്ടോബർ 7, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--369]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി | : 2858 മുതൽ 2964 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 2965 മുതൽ 3029 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 3030 മുതൽ 3160 വരെ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 3161 മുതൽ 3226 വരെ |

**അംബേദ്കർ ഗ്രാമം പദ്ധതി**

2858 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2021 മുതൽ 2025 വരെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം എത്ര ഉന്നതികൾക്കാണ് നവീകരണ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഉന്നതികളുടെ പേരും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

**പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണം**

2859 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ജനറൽ, പട്ടികജാതി വിഭാഗം എന്നിങ്ങനെ വേർതിരിവില്ലാതെ ഒഴിച്ച് കൂടാൻ പറ്റാത്ത സാഹചര്യത്തിൽ 12 വർഷം കഴിഞ്ഞാൽ സർക്കാർ അനുമതി ഇല്ലാതെ വീടും സ്ഥലവും കൈമാറ്റം ചെയ്യാൻ അനുമതിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ പട്ടികജാതി വിഭാഗക്കാർക്ക് മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ 12

വർഷം കഴിഞ്ഞാൽ സർക്കാർ അനുമതി ഇല്ലാതെ വീടും സ്ഥലവും കൈമാറ്റം ചെയ്യാൻ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സേഫ് പദ്ധതി

2860 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2025 കാലഘട്ടത്തിൽ വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള സേഫ് പദ്ധതി പ്രകാരം എത്ര വീടുകൾക്ക് മെയിന്റനൻസിനായി തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പഞ്ചായത്തിലും ഓരോ വിഭാഗത്തിനായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2861 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം അരൂർ ഗ്രാമപഞ്ചായത്തിലെ കഴിവിടാംമൂല നഗറിന് ഫണ്ട് അനുവദിക്കണമെന്നുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) 2024-25, 2025-26 സാമ്പത്തിക വർഷം പട്ടികജാതി നഗറുകളിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം എത്ര രൂപ അനുവദിച്ചു എന്ന് വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് വീട് നിർമ്മാണത്തിന് ധനസഹായം

2862 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് വീട് നിർമ്മാണത്തിനായി ധനസഹായം ലഭിച്ചവരിൽ നിർമ്മാണം പൂർത്തിയാകാത്തവർക്ക് ധനസഹായം നൽകുന്നതിന് നിലവിൽ ഏതെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

2863 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര എസ്.സി/എസ്.ടി. കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നല്കിയിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ ഭൂരഹിതരായ എത്രപേർക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നല്കിയെന്ന് വ്യക്തമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾ

2864 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ നിന്നും ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി എന്നും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഭൂമിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള ആലപ്പുഴ മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഭവന, ഭൂ രഹിതരായ പട്ടിക ജാതി കുടുംബങ്ങൾ

2865 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വകുപ്പ് മുഖാന്തിരം എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പെരിന്തൽമണ്ണ മണ്ഡലത്തിൽ ഇത്തരത്തിൽപ്പെട്ടവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പെരിന്തൽമണ്ണ മണ്ഡലത്തിൽ എത്ര പട്ടികജാതി കുടുംബങ്ങളാണ് വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നതെന്നും, എത്ര വീടുകളാണ് വൈദ്യുതീകരിക്കാനുള്ളതെന്നും വിശദമാക്കുമോ ?

## മാവേലിക്കര മണ്ഡലത്തിലെ ആദിവാസി കുടുംബങ്ങൾ

2866 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് അറിയിക്കുമോ; ആയതിൽ സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ട്; പ്രസ്തുത കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## കുന്നത്തുനാട്ടിലെ ഭവന പുനരുദ്ധാരണ പദ്ധതി

2867 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഗുണഭോക്താക്കളെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഇനി എത്ര വീടുകൾ പൂർത്തീകരിക്കുവാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പൂർത്തീകരിക്കുവാനുള്ള വീടുകൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന്

വ്യക്തമാക്കാമോ;

(ഡി) മുഴുവൻ വീടുകളും വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി

2868 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറനാട് മണ്ഡലത്തിൽ പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നാളിതു വരെ എത്ര പേർക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ലാന്റ് ബാങ്ക് പദ്ധതിയിലേക്ക് ഏറനാട് മണ്ഡലത്തിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ ധന സഹായം

2869 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ ധന സഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത എത്ര പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉണ്ട്; ഗ്രാമ പഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിൽ ഭൂമിയില്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി നാളിതുവരെ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## ലൈഫ് ഭവന പദ്ധതി

2870 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ലൈഫ് ഭവന പദ്ധതി മുഖേന പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് നാളിതുവരെ വീട് ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം അറിയിക്കാമോ?

## പാറശ്ശാല മണ്ഡലത്തിൽ ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ

2871 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളതെന്നും ഇതിൽ ഭൂരഹിതരായ ഭവനരഹിതർ എത്രയാണെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഇവരിൽ എത്ര പേർ ലൈഫ് മിഷൻ ഉൾപ്പെടെയുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഭൂരഹിതർക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര എസ്. സി./എസ്. റ്റി. കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇനിയും പൂർത്തീകരിക്കാനുള്ളവയും ആരംഭിക്കാനുള്ളവയും എത്ര വീതമെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

## ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗക്കാർ

2872 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്ഥലവും വീടും ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഭൂരഹിതരും ഭവനരഹിതരുമായ പ്രസ്തുത വിഭാഗക്കാർക്ക് സ്ഥലവും വീടും എന്നത്തേക്ക് അനുവദിച്ച് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദീകരിക്കുമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

2873 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച ചാക്കുടി-കടമ്പ്രവാരം ഉന്നതിയുടെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ കുടിവെള്ള ലഭ്യത കുറവുള്ള ഉന്നതികൾ

2874 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കുടിവെള്ള ലഭ്യത കുറവുള്ള ഉന്നതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ എത്ര ഉന്നതികളിൽ കുടിവെള്ളം നല്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ആയത് എവിടെയെല്ലാം നടപ്പിലാക്കിയെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

**തൊടുപുഴ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

2875 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 2016 മുതൽ നാളിതുവരെ ഏതെല്ലാം ഉന്നതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

**കുണ്ടറ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ**

2876 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതിക്കായി അനുവദിച്ച തുക, നാളിതുവരെ ചെലവഴിച്ച തുക, പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**അംബേദ്കർ ഉന്നതി പദ്ധതി**

2877 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ അംബേദ്കർ ഉന്നതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉന്നതികളുടെയും അവയുടെ പ്രവൃത്തി പുരോഗതികളുടെയും വിശദാംശം നൽകാമോ;

(ബി) ഏതെങ്കിലും പദ്ധതിയുടെ പ്രവൃത്തി സ്തംഭനാവസ്ഥയിലായിട്ടുണ്ടോ; എങ്കിൽ കാരണവും വിശദാംശവും ലഭ്യമാക്കാമോ?

**ആദിവാസികൾക്ക് തദ്ദേശഭൂമിയിൽ ഉടമസ്ഥാവകാശം നൽകുന്നതിന് നടപടി**

2878 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി നഗറുകളിലെ ജനങ്ങൾക്ക് തങ്ങളുടെ തദ്ദേശഭൂമിയിൽ ഉടമസ്ഥാവകാശം നൽകുന്നതിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**മുണ്ടുമല അംബേദ്കർ സ്വാശ്രയഗ്രാമം**

2879 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം പഞ്ചായത്തിലുൾപ്പെട്ട മുണ്ടുമല ഗ്രാമം, അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഇതിനായുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാനാകും; നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

2880 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ ഭാഗമായി നവീകരിക്കുന്ന ഏത്തായ് നഗർ, കളരിക്കുന്ന് നഗർ എന്നിവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഏത്തായ് നഗറിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രവർത്തനങ്ങളിൽ കാലതാമസം വന്നിട്ടുണ്ടോ; വിശദമാക്കാമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

2881 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ ചൊവ്വന്നൂർ പട്ടികജാതി നഗറിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഏജൻസിയാണ് നിർവഹിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) നിലവിൽ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നുള്ള വിശദാംശം നൽകാമോ?

## വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി നഗറുകൾ

2882 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി നഗറുകൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഗറുകളിൽ ഓരുവെള്ള ഭീഷണി നേരിടുന്ന നഗറുകൾ ഏതെല്ലാമെന്നും ആയത് പരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) ഓരുവെള്ള ഭീഷണി നേരിടുന്നതും ജീർണ്ണാവസ്ഥയിലായതുമായ വീട്ടിൽ താമസിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം പഞ്ചായത്തിൽ നികത്തിത്തറ വീട്ടിൽ രാജി സെൽവദാസിനെയും രമേഷിനെയും പുനരധിവസിപ്പിക്കുന്നതിനായി

എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ?

## ആദിവാസി മേഖലയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം

2883 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) മദ്യവും മയക്കുമരുന്നും നൽകി ആദിവാസി വിഭാഗങ്ങളെ ചൂഷണം ചെയ്യുന്നതായ പരാതി ഉണ്ടായിട്ടുണ്ടോ;

(സി) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിൽ നിന്ന് അവരെ പിന്തിരിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## നിലമ്പൂർ കരുളായി പഞ്ചായത്തിലെ ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി

2884 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. ഹൈക്കോടതി വിധി ലഭ്യമാക്കിയിട്ടും ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി തീരുമാനമെടുത്തതിനുശേഷവും നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരുളായി പഞ്ചായത്തിലെ പുലിമുണ്ടയിൽ 43 ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനായി കൈവശാവകാശ രേഖ നൽകാത്തതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കൈവശാവകാശ രേഖ നല്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

## പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ വിവിധ പ്രശ്നങ്ങൾ

2885 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വനാവകാശനിയമ പ്രകാരം അനുവദിച്ച ഭൂമിയുടെ ഡിജിറ്റൈസേഷൻ നടപടികളുടെ പുരോഗതി വിശദമാക്കാമോ; ആയത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന ഫാമിങ് സൊസൈറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) വനവാസികളായ വൈദ്യന്മാരുടെ പാരമ്പര്യമായി ലഭിച്ച അറിവുകൾ സംരക്ഷിക്കുന്നതിനും ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; അവയുടെ പുരോഗതി അറിയിക്കാമോ?

## പഠനമുറി പദ്ധതി

2886 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പഠനമുറി പദ്ധതിയിൽ നിശ്ചിത ഘട്ടം പൂർത്തീകരിച്ചിട്ടും പണം ലഭിക്കാത്ത എത്ര ഗുണഭോക്താക്കൾ ഉണ്ടെന്നും അവർക്ക് എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാ-കായിക പരിപോഷണത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ

2887 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാ-കായിക പരിപോഷണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം

2888 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഭാഷാപരമായ വ്യതിയാനങ്ങൾ മൂലം മലയാള ഭാഷ പഠിക്കുന്നതിനുള്ള ആദിവാസി കുട്ടികളുടെ വിമുഖത അവർ പഠന മേഖലയിൽ നിന്ന് കൊഴിഞ്ഞു പോകുന്നതിന് കാരണമാകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പഠനം ഗോത്രഭാഷാ സൗഹൃദമാക്കി പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിനും വിദ്യാഭ്യാസം നേടിയാൽ ജീവിത നിലവാരം മെച്ചപ്പെടും എന്ന വസ്തുത അവരെ ബോധ്യപ്പെടുത്തുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

**വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി പഠന മുറി**

2889 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി എത്ര പഠന മുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിൽ നിന്നും എത്ര പേർ പഠനമുറിക്കായി അപേക്ഷ സമർപ്പിച്ചുവെന്നും ഇതിൽ എത്ര പേർക്ക് അനുവദിച്ചുവെന്നും ഇനി എത്ര പേർക്ക് അനുവദിച്ച് നൽകാനുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

**പിന്നാക്ക വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ്**

2890 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് വിദേശപഠനം നടത്തുന്നതിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ കുട്ടിക്കും ഇതിനായി എത്ര രൂപ വീതമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി എത്ര തുകയാണ് അനുവദിച്ചിരുന്നതെന്ന് വിശദമാക്കാമോ?

**മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പഠന മുറി**

2891 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മണലൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പഠന മുറി അനുവദിക്കുകയുണ്ടായി; അതിനായി ആകെ എത്ര രൂപ ഇതുവരെ അനുവദിച്ചുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര പേരുടെ പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി;

(സി) പഠന മുറി നിർമ്മാണം പൂർത്തീകരിച്ച എല്ലാവർക്കും തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മണ്ഡലത്തിൽ എത്ര പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നു എന്ന് അറിയിക്കാമോ;

(ഇ) എത്ര പേർക്ക് ഭാഗികമായി തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ; ഒന്നും രണ്ടും മൂന്നും ഘട്ടം തുക വിതരണം ചെയ്തവരുടെ വിശദാംശം ലഭ്യമാക്കാമോ?

**കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് പഠനമുറി**

2892 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പഠനമുറി അനുവദിച്ച് നല്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## പട്ടികജാതി വിദ്യാർഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് അനുവദിച്ചിട്ടുള്ള തുക

2893 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിദ്യാർഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് 2016-2025 കാലയളവിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ട്രെയിനിംഗ് ലഭിച്ച വിദ്യാർഥികളുടെ പേര് വിവരങ്ങളും അനുവദിച്ച തുകയുടെ വിവരങ്ങളും നൽകാമോ?

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ കമ്പ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനും

2894 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി കമ്പ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത നടപടി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്മെന്റ് പ്രോഗ്രാം ഫണ്ട് മുഖാന്തിരം നടപ്പിലാക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കാമോ?

## ഗോത്രബന്ധു പദ്ധതി

2895 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതിയിൽപ്പെടുന്ന വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഗോത്രബന്ധു പദ്ധതി പ്രകാരം എത്ര കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ?

## സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് കോഴ്സ്

2896 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് (സി . പി . പി . എം. ) ദ്വിവൽസര

കോഴ്സിന്റെ അടുത്ത ബാച്ച് എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

## ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

2897 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ സംസ്ഥാന പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ കീഴിലാണോ പ്രവർത്തിക്കുന്നത് ; എങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത സ്കൂളുകൾ ഉള്ളതെന്നും ഏത് സിലബസ് പ്രകാരമാണ് അധ്യയനം നടക്കുന്നതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗീകമായോ കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ചാണോ നടക്കുന്നത് എന്ന് അറിയിക്കാമോ; എങ്കിൽ 2016 മുതൽ നാളിതുവരെ ലഭിച്ച തുക സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ;

(സി) പ്രസ്തുത സ്കൂളുകൾക്ക് കേന്ദ്രഫണ്ട് ലഭ്യമാകുന്നുണ്ടെങ്കിൽ അത് ചെലവഴിക്കുന്നത് സംസ്ഥാന പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ ഉത്തരവാദിത്തത്തിലാണോ എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകരെയും മറ്റു ജീവനക്കാരെയും നിയമിക്കുന്നത് സംസ്ഥാന സർക്കാരാണോ അതോ കേന്ദ്രസർക്കാരാണോ എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകരെയും മറ്റു ജീവനക്കാരെയും നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ, പ്രവേശന നടപടികൾ തുടങ്ങിയവയെക്കുറിച്ചും അതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള റിക്രൂട്ടിംഗ് ഏജൻസിയെക്കുറിച്ചും വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം

2898 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളിൽ ചേരാത്തതും കൊഴിഞ്ഞു പോയതുമായ ആദിവാസി വിഭാഗം കുട്ടികളെ സർവേയിലൂടെ കണ്ടെത്തി വിദ്യാലയ പ്രവേശനം നടത്തുന്നതിനും പഠന പിന്തുണ സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ നിരവധി ചൂഷണങ്ങൾക്ക് വിധേയമാകുന്നത് തടയാൻ എന്തൊക്കെ വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ?

## സാമൂഹ്യ പഠനമുറി പദ്ധതി

2899 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായിട്ടുള്ള സാമൂഹ്യ പഠനമുറി പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹ്യപഠന മുറികളിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും ഇന്റർനെറ്റ് സംവിധാനം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## ഇ-ഗ്രാന്റ്സ് ആനുകൂല്യം - കുടിശിക അനുവദിക്കാൻ നടപടി

2900 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കോഴ്സ് തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ;

(സി) ഇതിൽ വിദ്യാഭ്യാസ ആനുകൂല്യം കുടിശികയായിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണവും കുടിശിക തുകയും ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇതിൽത്തന്നെ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കോഴ്സും ജില്ലയും തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഇത്തരത്തിൽ വിദ്യാഭ്യാസ ആനുകൂല്യം കുടിശികയാകാനുള്ള കാരണം എന്താണ്; ഈ കുടിശിക തുക എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രൈവറ്റ് അക്കോമഡേഷൻ അലവൻസ്

2901 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മെഡിക്കൽ ട്രസ്റ്റ് കോളേജ് ഓഫ് നഴ്സിംഗിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള പ്രൈവറ്റ് അക്കോമഡേഷൻ അലവൻസ് വർധനവിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രൈവറ്റ് അക്കോമഡേഷൻ അലവൻസ് ₹1500/-ൽ നിന്ന് ₹5500/- ആയി ഉയർത്തുന്നതിന് നൽകിയിട്ടുള്ള ശിപാർശ സർക്കാർ പരിഗണനയിൽ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണ്;

(സി) പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ /അർഹതയുള്ള മറ്റു വിഭാഗം വിദ്യാർത്ഥികളുടെ അക്കാദമിക് അലവൻസുകൾ വർധിപ്പിക്കുന്നതിനായി പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കാൻ നൽകിയ നിർദേശം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ഡി) ഹോസ്റ്റൽ ഫീസ് വിഷയത്തിൽ ഗവ. നെഴ്സിംഗ് കോളേജുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾ പ്രൈവറ്റ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും നടപ്പാക്കാനുള്ള തീരുമാനം കൈക്കൊള്ളുമോ ;

(ഇ) ഫയൽ നം. എ2/372/2022 (കമ്പ്യൂട്ടർ 9571408)-പ്രകാരം സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ പരാതികൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടുകളുടെ വിശദാംശം നൽകാമോ ;

(എഫ്) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് അവരുടെ സാമ്പത്തിക നില പരിഗണിച്ച് പ്രൈവറ്റ് അക്കോമഡേഷൻ അലവൻസ് വർധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## കാസർഗോഡ് ജില്ലയിലെ കൊടക്കാട് എം. ആർ. എസ്. ൽ പ്ലസ് ടു കോഴ്സ്

2902 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ വകുപ്പ് തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഓവർസീസ് പഠനപദ്ധതിയുടെ വിശദാംശങ്ങൾ

2903 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് പഠനപദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകളുടെ മാനദണ്ഡം, അപേക്ഷ സമർപ്പിക്കേണ്ടുന്ന നടപടിക്രമങ്ങൾ, സഹായം ലഭിക്കുന്ന രീതി തുടങ്ങിയവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ നഴ്സിംഗ് മേഖലയിലുള്ളവർക്ക് വിദേശത്ത് ഉപരിപഠനം നടത്തുന്നതിന് സാധ്യമാണോ; വിശദമാക്കാമോ?

## പിണവൂർകുടിയിലെ ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം

2904 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പിണവൂർകുടിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ട്രൈബൽ ഹോസ്റ്റലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഹോസ്റ്റലിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനും സയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## **<u>ഹോസ്റ്റലുകളിലും എം. ആർ. എസുകളിലും നിശ്ചയിച്ചിരിക്കുന്ന വിദ്യാർത്ഥി-കുക്ക് അനുപാതം</u>**

2905 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിലും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും നിശ്ചയിച്ച് നടപ്പിലാക്കി വരുന്ന വിദ്യാർത്ഥി-കുക്ക് അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിലും എം. ആർ. എസുകളിലും നടപ്പിലാക്കി വരുന്ന വിദ്യാർത്ഥി-കുക്ക് അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ;

(സി) സമാന പ്രവർത്തന സ്വഭാവമുള്ള ഈ രണ്ട് വകുപ്പുകളിലും നിലവിലുള്ള, വ്യത്യസ്ത രീതിയിലുള്ള വിദ്യാർത്ഥി-കുക്ക് അനുപാതം പട്ടിക വർഗ്ഗ വിദ്യാർത്ഥികളോടുള്ള വിവേചനമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഏകീകരിച്ച് രണ്ട് വകുപ്പുകളിലും വിദ്യാർത്ഥി -കുക്ക് അനുപാതം 20:1 ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## **<u>വിർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി</u>**

2906 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗം വിദ്യാർത്ഥികളെ വിവിധ മത്സര പരീക്ഷകൾക്ക് പരിശീലിപ്പിക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനുമുള്ള വിർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## **<u>കുറിച്ചി സചിവോത്തമപുരം നഗറിലെ തൊഴിൽ സംരംഭങ്ങൾ</u>**

2907 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിച്ചി സചിവോത്തമപുരം നഗറിൽ 2012-13-ൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളിലെ സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കി നഗർ അസോസിയേഷന് കൈമാറുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സചിവോത്തമപുരം നഗറിലെ തൊഴിൽ രഹിതർക്ക് ആവശ്യമായ പരിശീലനം നൽകി ഈ സംരംഭങ്ങളിലൂടെ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി മേഖലയിലുള്ള പരമ്പരാഗത തൊഴിൽ സംസ്കാരം പരിരക്ഷിക്കുന്നതിനുള്ള നടപടികൾ

2908 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി മേഖലയിലുള്ള പരമ്പരാഗത തൊഴിൽ സംസ്കാരം പരിരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് ഇതിനോടകം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് പ്രസ്തുത നടപടികളുടെ പ്രയോജനം ലഭ്യമായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇത് പട്ടികജാതി മേഖലയിൽ കൂടുതൽ ഫലപ്രദവും വ്യാപകവുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## പിന്നാക്ക വിഭാഗങ്ങൾക്ക് ഉദ്യോഗ മേഖലയിലും വിദ്യാഭ്യാസ മേഖലകളിലുമുള്ള സംവരണം

2909 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് (എസ്. ഇ. ബി. സി.) ഉദ്യോഗ മേഖലയിലും വിദ്യാഭ്യാസ മേഖലകളിലും പ്രവേശനത്തിന് നിലവിലുള്ള സംവരണ തോതുകൾ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് ഉദ്യോഗസ്ഥ മേഖലയിൽ ഏകീകരണ സ്വഭാവത്തോടെ സംവരണം ലഭിക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിലെ പ്രവേശനത്തിന് ആർട്സ് ആൻഡ് സയൻസ് കോളേജ്, പ്രൊഫഷണൽ കോളേജ്, ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സ് എന്നിവയ്ക്കെല്ലാം വ്യത്യസ്ത നിരക്കിലാണ് സംവരണം ലഭിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവേശനത്തിന് സംവരണം ഏകീകരിക്കുന്നതിനോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണ തോത് ഉയർത്തുന്നതിനോ നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിലെ ഒ.ബി.സി. വിഭാഗങ്ങൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിലെ അവ്യക്തതകൾ പരിഹരിക്കുന്നതിനായി സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനെ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിരുന്നുവോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്താണ്; വിശദമാക്കുമോ?

## പിന്നാക്ക വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം

2910 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങൾക്ക് മതിയായ ഉദ്യോഗ പ്രാതിനിധ്യം ഉണ്ടോയെന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വകുപ്പുകളിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം എത്രയാണെന്ന് കണ്ടെത്തുന്നതിന് വകുപ്പുകൾക്ക് നിർദേശം നല്കിയിരുന്നോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഓരോ വകുപ്പിൽ നിന്നും ലഭിച്ച കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇത്തരം വിശദാംശം ഇതുവരെ ലഭ്യമാക്കാത്ത വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## സാങ്കേതിക ബിരുദധാരികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായുള്ള നിയമനം

2911 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാങ്കേതിക ബിരുദധാരികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന്റെ ഭാഗമായി എത്രപേർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ ജീവനക്കാരുടെ ക്ഷാമം പരിഹരിക്കാൻ നടപടി.

2912 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പട്ടികജാതി വികസന ഓഫീസർ തസ്തിക മാത്രമുള്ള ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ ഓഫീസ് പ്രവർത്തനം സുഗമമായി നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ആകെ എത്ര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളാണ് നിലവിലുള്ളത് എന്നറിയിക്കാമോ;

(സി) പ്രസ്തുത ഓഫീസുകളിൽ ക്ലാർക്ക്/ഓഫീസ് അറ്റൻഡന്റ് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനോ വകുപ്പിലെ പ്രസ്തുത തസ്തികകൾ അധികമുള്ള ഓഫീസുകളിൽനിന്നും ജീവനക്കാരെ മേൽ സൂചിപ്പിച്ച ഓഫീസുകളിലേക്ക് മാറ്റി നിയമിക്കുന്നതിനോ നടപടികൾ സ്വീകരിക്കാമോ?

## പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ടുകൾ.

2913 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം 2024-25, 2025-26-കാലയളവിൽ എത്ര അന്വേഷണ റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്; ഏതെല്ലാം

ജില്ലകളിലെ റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) അതിൽ ക്രമക്കേടുകൾ കണ്ടെത്തിയ റിപ്പോർട്ടുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നൈപുണ്യ വികസനത്തിനുള്ള ഫണ്ട് തട്ടിയെടുത്തുമായി ബന്ധപ്പെട്ട് പട്ടികജാതി വകുപ്പിലെ മുൻ ഡയറക്ടറുടെ പേരിലുള്ള പരാതിയിൽ എന്തെല്ലാം കാര്യങ്ങളിലാണ് അന്വേഷണം നടത്തുന്നത്; പ്രസ്തുത അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;?

**കൈപ്പമംഗലം മണ്ഡലത്തിൽ അനുമതി ലഭിച്ച പട്ടികജാതി-പട്ടികവർഗ്ഗ അംബേദ്കർ ഗ്രാമങ്ങൾ**

2914 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ അനുമതി ലഭിച്ചതും നിർമ്മാണം നടത്തിവരുന്നതുമായ പട്ടികജാതി-പട്ടികവർഗ്ഗ അംബേദ്കർ ഗ്രാമങ്ങൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും നിർവഹണ ഏജൻസികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ കൈപ്പമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് മുഖേന അനുമതി ലഭ്യമായതും നിർമ്മാണം നടത്തിയിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവായ തുക എത്രയെന്നും വിശദമാക്കാമോ?

**ഉദുമ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം**

2915 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**കോങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ**

2916 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കാമോ?

**വാമനപുരം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ**

2917 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ; ഓരോന്നിനും എത്ര തുക വീതം വിനിയോഗിച്ചിട്ടുണ്ട്; പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം അറിയിക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം

2918 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പ്രവൃത്തിയുടെ പുരോഗതി എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## ഉന്നതികളിൽ കുടിവെള്ളമെത്തിക്കുന്നതിന് കോർപ്പസ് ഫണ്ട്

2919 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കുടിവെള്ള ലഭ്യതക്കുറവുള്ള ഉന്നതികളിൽ കുടിവെള്ളമെത്തിക്കുന്നതിന് കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## അരുവിക്കര മണ്ഡലത്തിൽ ധനസഹായം ലഭിച്ചവരുടെ വിവരം

2920 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അരുവിക്കര നിയോജക മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി നാളിതുവരെ ധനസഹായം ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക എന്നിവ പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ;

(ബി) ഈ കാലയളവിൽ ലഭിച്ച ആകെ അപേക്ഷകൾ, തുക അനുവദിച്ച അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ, ഇനി തീർപ്പാക്കാനുള്ള അപേക്ഷകൾ എന്നിവയുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

## തീയ്യ സമുദായത്തെ സംബന്ധിച്ച വിശദാംശം

2921 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തീയ്യ സമുദായ വിഭാഗത്തിൽപ്പെട്ട എത്ര ആളുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവരെ ഒരു സമുദായമായി പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കാലങ്ങളായി തീയ്യരുടെ അനുഷ്ഠാന പാരമ്പര്യങ്ങളുമായി മുന്നോട്ട് പോകുന്ന ഈ വിഭാഗത്തെ സംസ്ഥാനത്ത് മറ്റേതെങ്കിലും സമുദായത്തിന്റെ ഉപജാതിയായി പരിഗണിച്ച് വരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) മറ്റൊരു സമുദായത്തിന്റെ ഉപജാതിയായി കണക്കാക്കുന്നത് കാരണം തീയ്യ സമുദായത്തിൽപ്പെട്ട അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾ പി. എസ്. സി. റാങ്ക് ലിസ്റ്റിലും ദേവസ്വം ബോർഡ് നിയമനങ്ങളിലും അവഗണിക്കപ്പെടുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) 1980 -ലെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലും 1966 - ലെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിലും തീയ്യ വിഭാഗത്തെ പ്രത്യേക സമുദായമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് ഈ വിഭാഗത്തെ ഒരു സമുദായമായി പരിഗണിക്കുന്നില്ല എന്ന് വ്യക്തമാക്കാമോ?

## പരസ്യങ്ങളുടെ വിശദാംശം

2922 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ചികിത്സാ ധനസഹായം

2923 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിലേക്ക് ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽ നിന്നും നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രപേർക്ക് ധനസഹായം അനുവദിച്ചുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ പ്രകാരം അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; എത്ര രൂപ നാളിതുവരെ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

## പട്ടികജാതി, പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗം

2924 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി, പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗത്തിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ക്രമക്കേടിലും നടക്കുന്ന അന്വേഷണം തുടങ്ങിയ തീയതി, അന്വേഷണത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ/ഏജൻസി, അന്വേഷണ പുരോഗതി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) അന്വേഷണം പൂർത്തീകരിച്ചവയിൽ കണ്ടെത്തലുകൾ എന്താണെന്നും എത്ര കോടി രൂപയുടെ അഴിമതി കണ്ടെത്തിയിട്ടുണ്ട് എന്നും ഏതൊക്കെ പദ്ധതികളിൽ എന്തെല്ലാം അഴിമതികളാണ് നടന്നതെന്നുമുള്ള വിരവങ്ങൾ ലഭ്യമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ ചികിത്സാ സഹായം

2925 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ ചികിത്സാ സഹായം വഴി 2016 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ടെന്ന വിവരം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## പാറശാല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമവകുപ്പ് നടപ്പാക്കിയ പദ്ധതികൾ

2926 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമവകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പാറാശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമവകുപ്പ് മുഖേന എത്ര പേർക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്; ആകെ എത്ര രൂപയാണ് ധനസഹായമായി അനുവദിച്ചത്; വിശദമാക്കാമോ?

## പട്ടികജാതി വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം

2927 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഓരോ റിപ്പോർട്ടും സമർപ്പിച്ചത് എന്നാണ്; അതിന്മേൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ്; റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

## പട്ടികവർഗ്ഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ്

2928 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം വയനാട്ടിലെ ഓഫീസുകളിൽ പരിശോധന നടത്തി എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; ഇതിൽ ക്രമക്കേട് കണ്ടെത്തിയത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; ക്രമക്കേട് കണ്ടെത്തിയ അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

2929 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ 2021 മുതൽ വകുപ്പിന്റെ കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി**

2930 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച മേൽ നടപടി എന്താണ്; എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാനാകും; വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനും സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ഉപയോഗസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**തിരൂർ മണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന് വേണ്ടിയുള്ള പദ്ധതികൾ**

2931 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടി തിരൂർ നിയോജക മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ നടപ്പിലാക്കിയവയുടേയും നടപ്പിലാക്കാത്തവയുടേയും വിവരങ്ങൾ, നടപ്പാക്കാത്തവ ഉണ്ടെങ്കിൽ അതിനു കാരണം, വകയിരുത്തിയിരുന്ന തുകയിൽ ചെലവഴിക്കാതെ നഷ്ടപ്പെട്ട് പോയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരവും കാരണവും, പ്രഖ്യാപിച്ചിട്ടുള്ള

പദ്ധതികളിൽ നടപ്പിലാക്കാനുള്ളവയുണ്ടെങ്കിൽ എന്നത്തേക്ക് അത് പൂർത്തിയാക്കും എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തിരൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

## തമിഴ് ഭാഷ സംസാരിക്കുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ തടസ്സം പരിഹരിക്കാൻ നടപടി

2932 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിലെ തോട്ടം മേഖലയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട തമിഴ് ഭാഷ സംസാരിക്കുന്ന ആളുകൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് വകുപ്പ് മുഖേന എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഏക വരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബത്തിൽപ്പെട്ടവർക്ക് നൽകുന്ന ധനസഹായം

2933 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏക വരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബത്തിൽപ്പെട്ടവർക്ക് നൽകുന്ന ധനസഹായ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര പേർക്ക് ധനസഹായം നല്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ആയതിനായി ആകെ എത്ര രൂപയാണ് പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചത്; അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

## മണിമലയിൽ കരിയർ ഡവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

2934 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി കരിയർ ഡിവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും ആധുനിക നിലവാരത്തിലുള്ള ഓഡിറ്റോറിയവും കളിസ്ഥലവും നിർമ്മിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച പദ്ധതി രൂപീകരണ റിപ്പോർട്ട് കാഞ്ഞിരപ്പള്ളി പട്ടികജാതി വികസന ഓഫീസിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്നതിനും നിർദ്ദിഷ്ട ശബരിമല എയർപോർട്ടിന് അടുത്തുള്ളതുമായ പട്ടികജാതി വികസന വകുപ്പിന്റെ സ്വന്തം സ്ഥലം എന്നത് പരിഗണിച്ച് പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

**സേഫ് പദ്ധതി ആനുകൂല്യം ലഭ്യമാക്കാൻ നടപടി**

2935 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനായി പുതുക്കാട് മണ്ഡലത്തിൽ കൊടകര ബ്ലോക്ക് പഞ്ചായത്തിൽ പുതുക്കാട് - ചെങ്ങാലൂർ ദേശത്ത് ഇരിങ്ങാലക്കുടക്കാരൻ വീട്ടിൽ ശ്രീ. മോഹനൻ ഐ. എം. നൽകിയ അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി ഏത് ഘട്ടത്തിൽ ആണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വ്യക്തിക്ക് പദ്ധതി ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**പട്ടികജാതി വകുപ്പിന്റെ കീഴിൽ അനുമതി ലഭ്യമായതും പൂർത്തിയാക്കിയതുമായ പ്രവൃത്തികൾ**

2936 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് കാട്ടാക്കട മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ കീഴിൽ അനുമതി ലഭ്യമായതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

2937 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**എസ്. സി. - എസ്. ടി. വിഭാഗങ്ങളുടെ പദ്ധതി അടങ്കൽ**

2938 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി. - എസ്. ടി. വിഭാഗങ്ങൾക്കുള്ള പദ്ധതി അടങ്കൽ തുക കഴിഞ്ഞ വർഷം വെട്ടിക്കുറച്ചിരുന്നോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ കഴിഞ്ഞവർഷം വെട്ടിക്കുറച്ച പദ്ധതി അടങ്കൽ തുക ഈ സാമ്പത്തിക വർഷം കൂട്ടുതലായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## <u>സേഫ് പദ്ധതി</u>

2939 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേഫ് പദ്ധതിയിൽ ആലപ്പുഴ മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## <u>പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ</u>

2940 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോയെന്നും ഏതെങ്കിലും പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളിൽ മുൻ വർഷത്തെ അപേക്ഷിച്ച് തുക വെട്ടിക്കുറച്ചിട്ടുണ്ടോയെന്നും ഓരോ വർഷവും വകയിരുത്തിയ തുക താരതമ്യപ്പെടുത്തി വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭവന നിർമ്മാണം, സാമൂഹ്യ സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യം, സ്വയം തൊഴിൽ തുടങ്ങിയ മേഖലകളിൽ സാമ്പത്തിക പ്രതിസന്ധിയുടെ കാരണത്താൽ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാൻ ഇടയായത് ഈ വിഭാഗത്തിന്റെ പുരോഗതിയുടെ വളർച്ചാ നിരക്ക് കുറയാനിടയാക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നത് ആവർത്തിയ്ക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പട്ടികജാതി വിഭാഗത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടതിനെ തുടർന്നുള്ള സഹായം</u>

2941 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ കുറ്റ്യാടി മണ്ഡലത്തിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി കമല, തെക്കേപറമ്പിൽ എന്നയാൾ സമർപ്പിച്ച അപേക്ഷ പ്രകാരം ധനസഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പിന് വകയിരുത്തിയ തുക</u>

2942 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക

വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പിന് വകയിരുത്തിയ ആകെ തുക എത്രയാണെന്നും അതിൽ ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതി

2943 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഏതെല്ലാം പദ്ധതികളിലാണ് നിലവിൽ കുടിശികയുള്ളത്; ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാൻ ബാക്കിയുണ്ട്; ഓരോ പദ്ധതിയിലെയും കുടിശിക എത്ര; വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

## പട്ടികവർഗ്ഗ കുടുബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി

2944 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്; വിശദമാക്കാമോ;

(ബി) ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗങ്ങളിൽ മുഖ്യധാരയിൽ എത്തിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## കുണ്ടറ മണ്ഡലത്തിനായി പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള പദ്ധതികൾ

2945 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ നിന്നും 2021-22 മുതൽ നാളിതുവരെയായി കുണ്ടറ മണ്ഡലത്തിനായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

## ഇടമലക്കുടിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

2946 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏക ഗോത്ര വർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം ഗോത്ര വർഗ്ഗക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ റോഡോ പാലമോ ഇല്ലാത്തതിനാൽ രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ കഴിയാത്തതിനാൽ മരണം സംഭവിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇടമലക്കുടിയിലെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗമായ കൊറഗരുടെ സാമൂഹ്യവികസനം

2947 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ ഉൾപ്പെടെ അധിവസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗ വിഭാഗമായ കൊറഗരുടെ സാമൂഹ്യവികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗം

2948 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള സർക്കാർ ഫണ്ട് വിനിയോഗം ഫലപ്രദമല്ലെന്നും ഇത് ക്രമക്കേടുകൾക്ക് വഴിവെക്കുന്നതായും ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠനസംഘം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഫണ്ട് വിനിയോഗം ഫലപ്രദമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും എന്തൊക്കെ പരിഹാരമാർഗങ്ങളാണ് നിർദേശിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) വികേന്ദ്രീകൃത ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ എസ്.സി/എസ്.ടി. വകുപ്പ് മുഖേനയുള്ള ധനസഹായം

2949 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ നിന്ന് എത്ര പേർക്ക് എസ്.സി/എസ്.ടി. വകുപ്പ് മുഖേന വിവിധ തരത്തിലുള്ള ധനസഹായം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും ലഭ്യമായിട്ടുള്ള തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

**<u>വർക്കല മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>**

2950 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഉന്നതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>ഷീ സ്മാർട്ട് കഫേ</u>**

2951 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് വനിതകൾക്കായി ആരംഭിച്ച 20 'ഷീ സ്മാർട്ട് കഫേ' കൾ നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് നടത്തിവരുന്നത്; ഇതിനായി ആകെ അനുവദിച്ചിട്ടുള്ള തുക എത്രയാണ്;

(ബി) ഓരോ കഫേകൾക്കും അനുവദിച്ച തുക, അവ നടത്തിവരുന്നവരുടെ പേര് വിവരം എന്നിവ വിശദമാക്കാമോ?

**<u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക</u>**

2952 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെയുള്ള സംസ്ഥാന ബജറ്റുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായ തുക എന്നിവയുടെ ശതമാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായതും നഷ്ടപ്പെട്ടതുമായ തുക എന്നിവ എത്ര വീതമാണെന്ന് ശതമാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;?

**<u>ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലേയ്ക്കുള്ള റോഡ് നിർമ്മാണം</u>**

2953 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; ഭരണാനുമതി തുകയും ടെൻഡർ അനുവദിച്ചിരിക്കുന്ന തുകയും എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചാൽ ഇടമലക്കുടിയിലെ ആകെയുള്ളതിൽ എത്ര ഉന്നതികൾക്ക് ഈ റോഡിന്റെ പ്രയോജനം ലഭിക്കും; അറിയിക്കാമോ;

(ഡി) മുഴുവൻ ഉന്നതികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിൽ റോഡ് നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ?

## അംബേദ്ക്കർ ഗ്രാമം പദ്ധതി

2954 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ആലത്തൂർ മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഉന്നതികൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തന പുരോഗതികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

2955 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## സർക്കാർ ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള കണക്ക്

2956 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇപ്രകാരമുള്ള കണക്കുകൾ സൂക്ഷിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കാമോ;

(സി) നിലവിൽ വകുപ്പ് തിരിച്ച് ശേഖരിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ വഴി മലപ്പുറം ജില്ലയിൽ നൽകിയ വായ്പ

2957 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ വഴി മലപ്പുറം ജില്ലയിൽ ഈ സാമ്പത്തിക വർഷം നൽകിയ വായ്പകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പല പദ്ധതികളിലും ഫണ്ടിന്റെ അപര്യാപ്തത മൂലം അപേക്ഷകർക്ക് കൃത്യസമയം വായ്പ ലഭിക്കാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫണ്ട് അലോട്ട്മെന്റ് നൽകി പെൻഡിംഗ് അപേക്ഷകളിൽ വായ്പകൾ കൃത്യമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി

2958 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ പോഷകാഹാരക്കുറവ് മൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പ്രത്യേക കേന്ദ്രങ്ങൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ വിവിധ പദ്ധതികൾ

2959 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 കാലയളവിൽ പട്ടികജാതി. പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ വിവിധ പദ്ധതികൾക്കായി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര പട്ടികജാതി ഗുണഭോക്താക്കൾക്കായി ലൈഫ് പദ്ധതിയിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ വിവിധ പദ്ധതികളിലായി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## തിരുവമ്പാടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ

2960 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ ഉന്നതികളിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ അനുവദിച്ചുവെന്നും അവയിൽ ഏതൊക്കെ പൂർത്തിയായെന്നും വിശദമാക്കാമോ;

(ബി) ഏതൊക്കെ ഉന്നതികളിൽ പ്രസ്തുത പദ്ധതി ആരംഭിക്കാനുണ്ടെന്നും ആരംഭിക്കാൻ വൈകിയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ലൈഫ് പദ്ധതി

2961 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകിയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അനുകൂല്യം ഇനി എത്ര കുടുംബങ്ങൾക്ക് കൂടി ലഭിക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതി എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

## പിന്നാക്ക വിഭാഗ വികസന വകുപ്പിന് പ്രാദേശിക തലത്തിൽ സംവിധാനങ്ങൾ

2962 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വികസന വകുപ്പിന് പട്ടികജാതി വികസന വകുപ്പിലുള്ളതുപോലെ പ്രാദേശിക തലത്തിൽ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് സേവനം നൽകുന്നതിനും ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും പ്രതിസന്ധി നേരിടുന്നതായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പിന്റെ പഠന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പും ഗുണഭോക്താക്കളും തമ്മിലുള്ള വിടവ് നികത്തുന്നതിനും വകുപ്പിനെ ജനോപകാരപ്രദമാക്കുന്നതിനും എസ്. സി. പ്രമോട്ടർമാരുടെ മാതൃകയിൽ പിന്നാക്ക വിഭാഗ പ്രമോട്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ജനതയ്ക്ക് അർഹതപ്പെട്ട ഭൂമിയും വനാവകാശവും

2963 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ജനതയ്ക്ക് അർഹതപ്പെട്ട ഭൂമിയും വനാവകാശവും സംരക്ഷിച്ചു നൽകുന്നതിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശം നല്കുമോ;

(ബി) സംസ്ഥാനത്ത് വിദൂര വനപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഒപ്റ്റിക്കൽ ഫൈബർ കണക്ഷനിലൂടെ കണക്ടിവിറ്റി ഉറപ്പാക്കാൻ കഴിയാത്ത മേഖലകളിൽ കൂടുതൽ മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിച്ച് തടസ്സരഹിതമായ 5 ജി കണക്ടിവിറ്റി ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ വായ്പ.തുക</u>

2964 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ എം നൗഷാദ്**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ഗുണഭോക്താക്കൾക്കായി എത്ര തുക വായ്പ നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) തിരിച്ചടവ് ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സ്ത്രീ ശാക്തീകരണത്തിനായി കുടുംബശ്രീ വഴി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം വനിതകൾക്കായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഒറ്റത്തവണ തീർപ്പാക്കലിലൂടെ എത്ര തുകയുടെ തിരിച്ചടവ് ഉണ്ടായിട്ടുണ്ടെന്നും ഇളവ് ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

## <u>ആലപ്പുഴ മണ്ഡലത്തിൽ വനം വന്യജീവി വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ</u>

2965 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ വനം വന്യജീവി വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇക്കോ ടൂറിസം പദ്ധതി പ്രകാരം ആലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയത് എന്ന് വിശദമാക്കാമോ?

## <u>മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വില നിശ്ചയിക്കുന്ന നടപടി</u>

2966 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വികസന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി വില നിശ്ചയിച്ചുകൊടുക്കുന്നതിന് സോഷ്യൽ ഫോറസ്റ്റ് വകുപ്പ് ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവരെ പ്രസ്തുത ജോലിയിൽ നിന്നും ഒഴിവാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(സി) മരത്തിന്റെ വിലനിശ്ചയിച്ച് നൽകുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനം എടുക്കാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുന്നതിനും ആയതിന് ഉത്തരവിറക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) കുറുമാലിപുഴയുടെ കുറുകെ നിർമ്മിക്കുന്ന കാനത്തോട് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന സ്വകാര്യവ്യക്തിയുടെ ഭൂമിയിലെ മഹാഗണിമരത്തിന്റെ വില നിശ്ചയിച്ച് നൽകുന്നതിനായുള്ള അപേക്ഷയിൽ സത്വര നടപടി സ്വീകരിക്കുമോ?

## <u>ആലുവ-മൂന്നാർ രാജപാതയുടെ പുനർ നിർമ്മാണം</u>

2967 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ രാജപാതയുടെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യത്തിന്മേൽ വനം വകുപ്പ് എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) രാജപാത തുറന്നു നൽകുന്നതിനും പുനർനിർമ്മാണത്തിനും വനം വകുപ്പ് അനുകൂല നിലപാട് സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ ഫെൻസിംഗ്</u>

2968 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

## <u>സംരക്ഷിത വനമേഖലാ പ്രദേശങ്ങൾ</u>

2969 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളാണ് 2016 മുതൽ നാളിതുവരെ സർക്കാർ സംരക്ഷിത വനമേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഭാഗത്തുനിന്നും പരാതികൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## <u>സ്വാഭാവിക വനശോഷണം തടയാൻ നടപടി</u>

2970 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിനിവേശ സസ്യങ്ങളെയും വൃക്ഷങ്ങളെയും ഒഴിവാക്കി സ്വാഭാവിക വനം വികസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സ്വാഭാവിക വനശോഷണത്തിന്റെ ഫലമായിട്ടാണോ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നതെന്ന് പരിശോധിക്കുമോ; വിശദാംശം നൽകാമോ?

**<u>വനമേഖലയിലെ മരങ്ങൾ മുറിക്കാൻ സാധ്യതാപഠനം</u>**

2971 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ച് നീക്കുവാൻ സാധ്യതാപഠനം നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന ശിപാർശകൾ എന്തെല്ലാമെന്നറിയിക്കാമോ;

(സി) വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും മരം മുറിക്കരുതെന്നും വീണുകിടക്കുന്ന മരം പോലും എടുക്കാൻ പാടില്ലെന്നും കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുള്ളപ്പോൾ ഇത്തരമൊരു പഠനം നടത്തുവാനുള്ള തീരുമാനം ഏത് സാഹചര്യത്തിലാണ് ഉണ്ടായതെന്ന് അറിയിക്കാമോ?

**<u>പാടങ്ങളിലേക്ക് വ്യാപിക്കുന്ന കണ്ടൽകാടുകൾ</u>**

2972 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടൽകാടുകൾ നിറഞ്ഞുകിടക്കുന്നതിനാൽ കൃഷി ചെയ്യാൻ കഴിയാത്ത പാടങ്ങളിലെ കർഷകർക്ക് വനംവകുപ്പ് മുഖേന സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം</u>**

2973 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തി നിർണ്ണയിക്കുന്നതിനുള്ള ജണ്ട നിർമ്മാണത്തിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേട് സംബന്ധിച്ച തുടരന്വേഷണം പൊലീസിൽ

നിന്നുമാറ്റി വിജിലൻസിന് വിടണമെന്ന നിർദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) സർവേ നടത്താതെ വനഭൂമിയിൽ ജണ്ടകൾ നിർമ്മിച്ചതു മൂലം വനഭൂമിയിൽ കുറവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ഇ. എഫ്. എൽ. ആയി ഏറ്റെടുത്ത ഭൂമി

2974 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എഫ്. എൽ. (പരിസ്ഥിതി ദുർബല പ്രദേശം) ആയി ഏറ്റെടുത്ത ഭൂമിയുടെ കസ്റ്റോഡിയൻ വനം വകുപ്പാണോ എന്ന് വ്യക്തമാക്കാമോ; അട്ടപ്പാടി താലൂക്കിൽ മണ്ണാർക്കാട് മൂപ്പിൽ നായരുടെ തണ്ടപ്പേരിലുണ്ടായിരുന്ന എത്ര ഏക്കർ ഭൂമിയാണ് ഇ. എഫ്. എൽ. ആയി ഏറ്റെടുത്തത് എന്ന് വ്യക്തമാക്കാമോ; ഈ ഭൂമിയിൽ നിന്നാണോ 575 ഏക്കർ മൂപ്പിൽ നായരുടെ അവകാശികൾ വിൽപ്പന നടത്തിയത്; ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാറിന്റെ കാലത്ത് അട്ടപ്പാടി താലൂക്കിൽ എത്ര പേർക്ക് പട്ടയം നൽകുന്നതിന് വനംവകുപ്പിൽ നിന്ന് എൻ. ഒ. സി. നൽകി; എൻ. ഒ. സി. നൽകിയതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ?

## വിട്ടുകൊടുത്ത വനഭൂമിക്ക് പകരം ഭൂമി

2975 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് എത്ര വനഭൂമി വിട്ടുകൊടുക്കേണ്ടതായി വന്നിട്ടുണ്ടെന്ന് കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

(ബി) 1980 -ലെ വനസംരക്ഷണ നിയമ പ്രകാരം ഇപ്രകാരം വിട്ടുകൊടുത്ത വനഭൂമിക്ക് തത്തുല്യമായ അളവിൽ വനവൽക്കരണത്തിന് പകരം ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ വനഭൂമിയിൽ എത്ര വ്യത്യാസം ഉണ്ടായിട്ടുണ്ടെന്നും വനവൽക്കരണത്തിനായി എത്ര ഫണ്ട് ലഭ്യമായിട്ടുണ്ടെന്നും അറിയിക്കുമോ?

## സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ

2976 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പിലാക്കുന്ന നഗര വനം, വൃക്ഷ സമൃദ്ധി, വിദ്യാവനം, കൽപ്പതരു, ട്രീ ബാങ്കിംഗ് എന്നീ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്നും പുതുതായി എവിടെയെല്ലാമാണ് നടപ്പിലാക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ കൃത്യമായി മോണിട്ടർ ചെയ്യുന്നുണ്ടോ; നടപ്പിലാക്കിയതിന് ശേഷം ഇവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികൾക്കായി എത്ര തുകയാണ് ഓരോ വർഷവും ചെലവാക്കിയത്; വിശദാംശം നൽകാമോ?

## ദേശീയ - സംസ്ഥാന പാതയോരങ്ങളിൽ മരങ്ങൾ നട്ടു പിടിപ്പിക്കാൻ നടപടി

2977 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവത്ക്കരണത്തിന്റെ ഭാഗമായി ദേശീയ - സംസ്ഥാന പാതയോരങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കാൻ ഒരു പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ആറ് മാസത്തിൽ ഒരിക്കൽ അവ അവലോകനം ചെയ്യുന്നതിനും കൃത്യമായി നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## സാമൂഹ്യ വനവൽക്കരണത്തിൽ സ്കൂൾതല വിദ്യാർത്ഥികളെ സഹകരിപ്പിക്കുന്ന പദ്ധതി

2978 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണത്തിൽ സ്കൂൾതല വിദ്യാർത്ഥികളെ സഹകരിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ

2979 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനം-വന്യജീവി വകുപ്പിന് കീഴിൽ അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ ഭരണാനുമതി തുകയും നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

## പാലക്കാട് ജില്ലയിൽ വനം-വന്യജീവി വകുപ്പിന് കീഴിൽ അനുവദിച്ച പ്രവൃത്തികൾ

2980 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ വനം-വന്യജീവി വകുപ്പിന് കീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശവും പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(സി) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കാൻ പാലക്കാട് ജില്ലയിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

## മനുഷ്യ - വന്യജീവി സംഘർഷം തടയാൻ മിഷൻ

2981 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ - വന്യജീവി സംഘർഷം പരിഹരിക്കുവാൻ വനം വകുപ്പ് രൂപീകരിച്ച പത്ത് മിഷനുകളുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രസ്തുത മിഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത മിഷനുകൾ രൂപീകരിച്ചതിന് ശേഷം മനുഷ്യ - വന്യ ജീവി സംഘർഷത്തിന് കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

2982 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ 2025 വരെ ഏതെല്ലാം പദ്ധതികളാണ് വനം വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അമ്പൂരിയിൽ നിർമ്മാണം പൂർത്തിയാക്കി വരുന്ന കുമ്പിച്ചൽകടവ് പാലത്തിൽ നിന്നും വിനോദ സഞ്ചാരികൾക്കായി ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) വനം വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നെയ്യാർ ഡാമിലേക്ക് പുതിയ ബോട്ട് വാങ്ങുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി കുട്ടനാട്ടിൽ നടപ്പാക്കുന്ന പദ്ധതികൾ

2983 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ പ്രദേശത്ത് സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കാവുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി കുട്ടനാട്ടിൽ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## തിരുവമ്പാടി മണ്ഡലത്തിലെ ഫെൻസിംഗ് പ്രവൃത്തികൾ

2984 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ വനാതിർത്തികളിൽ ഫെൻസിംഗിനായി വിവിധ സ്കീമുകളിലായി എത്ര പദ്ധതികൾ അനുവദിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റെയും പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

## ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി

2985 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി രൂപീകരിച്ച ഗ്രീൻ ഇന്ത്യ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിൽ പദ്ധതി നടപ്പാക്കുന്നുവെന്നും പ്രസ്തുത പ്രദേശത്തിന്റെ വിസ്തൃതി, ചെലവഴിച്ച തുക എന്നിവയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും

2986 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മച്ചാട്, വടക്കാഞ്ചേരി റേഞ്ച് ഫോറസ്റ്റ് ഓഫീസുകൾക്കും വാഴാനി ഫോറസ്റ്റ് സ്റ്റേഷനും കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും പുനർനിർമ്മിക്കുന്നതിനായുള്ള, ഡി.പി.ആർ. തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതി പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## നവകിരണം പദ്ധതി

2987 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകിരണം പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) വനാശ്രിതർക്ക് വരുമാനം, തൊഴിൽ അവസരം എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**പട്ടാമ്പി മണ്ഡലത്തിൽ വനം വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ**

2988 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനം വകുപ്പ് മുഖാന്തിരം പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം**

2989 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിൽ വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ വിശദമാക്കാമോ;

(സി) മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുന്ന നടപടികൾ ഊർജ്ജിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ സോഷ്യൽ ഫോറസ്റ്ററി റേഞ്ച് ഓഫീസ്**

2990 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കുരുതക്കാട് നിർമ്മാണം പുരോഗമിക്കുന്ന സോഷ്യൽ ഫോറസ്റ്ററി റേഞ്ച് ഓഫീസിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) സോഷ്യൽ ഫോറസ്റ്ററി റേഞ്ച് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയം വിതരണം ചെയ്യുന്നതിലുള്ള തടസ്സങ്ങൾ നീക്കാൻ നടപടി**

2991 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിൽപ്പെട്ട വനമേഖലയോട് ചേർന്ന്

താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്നതിന് വനം വകുപ്പിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## വനം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങൾ

2992 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സെന്ററുകളിൽ നിന്ന് സംസ്ഥാന സർക്കാരിന് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വിശദമാക്കാമോ;

(സി) വനം വകുപ്പിന് കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ആദിവാസികളുടെ നേതൃത്വത്തിലുള്ള ചികിത്സാ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വനമേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ

2993 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ വിവിധ ഇക്കോ-ടൂറിസം, സംരക്ഷണ, വികസന ഏജൻസികളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ സർക്കാർ രൂപീകരിച്ചിരിക്കുന്ന പുതിയ ബോർഡിന്റെ പ്രധാന ലക്ഷ്യമെന്താണെന്ന് അറിയിക്കാമോ;

(ബി) പുതിയ ബോർഡിന് കീഴിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന സംഘടനകളിൽ ഏതെങ്കിലും രണ്ടെണ്ണം ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ബോർഡിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി സർക്കാർ ഏതു രീതിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) വനത്തിനുള്ളിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മറ്റാരെയും ഏൽപ്പിക്കാനാകില്ലെന്ന് വനംവകുപ്പ് വ്യക്തമാക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

## വനം വകുപ്പിന് കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ

2994 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ ആകെ ഉപയോഗയോഗ്യമായ എത്ര മുറികളാണ് ഉള്ളതെന്നതിന്റെ കണക്ക് ലഭ്യമാണോ ; എങ്കിൽ എവിടെയെല്ലാം എത്ര റൂമുകൾ വീതമാണുള്ളതെന്ന വിവരം അറിയിക്കാമോ;

(ബി) വനം വകുപ്പിന്റെ കീഴിൽ പൊതുപണം ഉപയോഗിച്ച് നിർമ്മിച്ച ഇൻസ്പെക്ഷൻ ബംഗ്ലാവിൽ അതിഥികളായി വരുന്നവർക്കും വനം വകുപ്പ് ഒഴികെയുള്ള മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും പൊതുജനത്തിനും താമസിക്കാൻ റൂം അനവദിക്കുന്നതിന്റെ മാനദണ്ഡവും നിശ്ചയിച്ചിട്ടുള്ള ദിവസ വാടകയും വ്യക്തമാക്കാമോ;

(സി) വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ നടത്തിപ്പിന്റെ പൊതുചുമതല ആർക്കാണെന്നും ഓരോ സ്ഥലത്തേയും മുറികൾ അനുവദിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും പൊതുജനങ്ങൾ മുറികൾക്കായി ആരെയാണ് സമീപിക്കേണ്ടതെന്നും വ്യക്തമാക്കുമോ; മുറികളിൽ താമസിക്കാൻ അനുവദിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിന് കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ പൊതുജനങ്ങൾക്ക് ഏതെല്ലാം രീതിയിൽ റൂമുകൾ ബുക്ക് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## വനംവകുപ്പ് ജീവനക്കാർക്ക് പരിശീലനം

2995 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പുതിയ കാലത്തിനനുസരിച്ച് പരിഷ്കാരങ്ങൾ, കോഴ്സുകൾ എന്നിവ വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കാലാവസ്ഥാ വ്യതിയാനം വനത്തിനും വന്യജീവികൾക്കും നിലവിലുള്ള ആവാസ വ്യവസ്ഥക്കും വരുത്തുന്ന മാറ്റങ്ങൾ വിലയിരുത്തി പരിശീലന പരിപാടികളിലും സംരക്ഷണ നടപടികളിലും ആവശ്യമായ നവീകരണം വരുത്തുന്നതിനായുള്ള പദ്ധതികളുണ്ടോ; വിശദമാക്കാമോ;

(ഡി) വനാശ്രിത സമൂഹത്തെ ഉപയോഗപ്പെടുത്തി വനപരിപാലന-ജാഗ്രതാ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ വിശദാംശം നൽകാമോ?

## ആദിവാസി യുവാക്കൾക്കുള്ള തൊഴിലവസരങ്ങൾ

2996 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ആദിവാസി യുവാക്കൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ പ്രത്യേക സംവരണ പ്രകാരം എത്ര പേർക്ക് ഏതൊക്കെ തസ്തികകളിൽ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

## വാച്ചർ തസ്തിക പുനർനാമകരണം

2997 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ വാച്ചർ തസ്തിക പുനർനാമകരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ ഉദ്യോഗസ്ഥർക്ക് നിലവിലുണ്ടായിരുന്ന ചുമതലകളും അധികാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) തസ്തിക പുനർനാമകരണം ചെയ്യുമ്പോൾ നിലവിലെ അധികാരങ്ങളിലും ചുമതലകളിലും വ്യത്യാസം വരുത്തുമോ; വ്യക്തമാക്കുമോ?

**<u>വനം വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികയിലെ ഇൻക്രിമെന്റും സമയബന്ധിത ഹയർ ഗ്രേഡും</u>**

2998 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ താല്ക്കാലികമായി ഇരുപത് വർഷം ജോലി ചെയ്യുകയും സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയതുമായ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റും എട്ട് വർഷം സർവീസ് പൂർത്തിയാക്കുമ്പോൾ ലഭിക്കേണ്ട സമയബന്ധിത ഹയർ ഗ്രേഡും നൽകുന്നതിന് വകുപ്പ് വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>വനം വകുപ്പിൽ പുതുതായി അനുവദിച്ച തസ്തികകൾ</u>**

2999 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനം വകുപ്പിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; തസ്തിക തിരിച്ചുള്ള വിവരം നൽകാമോ;

(ബി) ഇത്തരത്തിൽ അനുവദിച്ച തസ്തികയ്ക്ക് ആനുപാതികമായി മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പുതുതായി അനുവദിച്ച തസ്തികകളിലെ എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ ഉൾപ്പെടെ കൈകാര്യം ചെയ്യുന്നതിന് മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ വർധിച്ച ജോലി ഭാരം കാരണം കഴിയാതെ വരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>ജണ്ട നിർമ്മാണത്തിലെ ക്രമക്കേട്</u>**

3000 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-20, 2020-21 വർഷങ്ങളിൽ ജണ്ട നിർമ്മാണം നടത്തിയതിലെ ക്രമക്കേട് കാരണം സർക്കാരിനുണ്ടായ നഷ്ടം എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ;

(ബി) വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക വസൂലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ വസൂലാക്കാത്തതിനുള്ള കാരണം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ വിരമിച്ചവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എൻ. എൽ. സി. (നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് ) നൽകിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ?

## <u>ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം</u>

3001 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയ്ഞ്ചിൽ 2019 - 2020, 2020 - 2021 എന്നീ വർഷങ്ങളിൽ ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്നാണ് വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയതെന്ന് വെളിപ്പെടുത്താമോ;

(ബി) വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവരിൽ നിന്നും നഷ്ടം ഈടാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും പെൻഷൻ നൽകിയിട്ടുണ്ടോ; പെൻഷൻ പറ്റിയവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ബാധ്യതാരഹിത / ബാധ്യത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ?

## <u>മരങ്ങൾ വികസനാവശ്യങ്ങൾക്കായി മുറിച്ചു മാറ്റുന്നതിനുള്ള നടപടി ക്രമങ്ങൾ</u>

3002 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ടതും മറ്റ് വകുപ്പുകളുടെ അധീനതയിലുള്ളതുമായ മരങ്ങൾ വികസനാവശ്യങ്ങൾക്കായി മുറിച്ചു മാറ്റുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## <u>വൈദ്യുതി ലൈനിൽ വീഴുന്ന മരങ്ങൾ മാറ്റുന്നതിന് ആവശ്യമായ മാർഗ്ഗരേഖയും നിർദ്ദേശങ്ങളും</u>

3003 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ചിമ്മിനി മേഖലയിൽ, വൈദ്യുതി ലൈനിൽ വീണ മരം വനംവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം മുറിച്ചു മാറ്റുന്നതിനിടയിൽ മരം ദേഹത്ത് വീണ് 28.07.2025ന് മരണമടഞ്ഞ എച്ചിപ്പാറ നിവാസിയായ ചക്കുങ്ങൽ വീട്ടിൽ ശ്രീ. അബ്ദുൾഖാദറിന്റെ

കുടുംബത്തിന് വൈദ്യുതി വകുപ്പിന്റെ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വൈദ്യുതി ലൈനിൽ വീഴുന്ന മരങ്ങൾ സുരക്ഷിതമായി മുറിച്ചു മാറ്റുന്നതിന് ആവശ്യമായ മാർഗ്ഗരേഖയും നിർദ്ദേശങ്ങളും കെ.എസ്.ഇ.ബി. യ്ക്ക് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## കയ്പമംഗലം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

3004 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പ് മുഖേന കയ്പമംഗലം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും; ഓരോ പദ്ധതിക്കുമായി ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) വകുപ്പ് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

## പരസ്യത്തിനായി ചെലവഴിച്ച തുക

3005 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വനം-വന്യജീവി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിവരം ലഭ്യമാക്കാമോ?

## വനം വകുപ്പിന് വകയിരുത്തിയ തുക

3006 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും വനം വകുപ്പിന് വകയിരുത്തിയ തുക എത്രയാണെന്നും അതിൽ ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കാവുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

3007 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതായി സംസ്ഥാനത്തെ കാവുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാവുകളുടെ സംരക്ഷണത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കുമോ;

(സി) കാവുകളുടെ സംരക്ഷണത്തിനും പരിപാലത്തിനുമായി എന്തെങ്കിലും സാമ്പത്തിക സഹായം ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## <u>വനം വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗ</u>

3008 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വനം വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഓരോ റിപ്പോർട്ടും സമർപ്പിച്ചതെന്നാണെന്നും ഓരോ റിപ്പോർട്ടിന്മേലും നാളിതുവരെ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

## <u>വനവിഭവങ്ങളുടെ വിപണനം കാര്യക്ഷമമാക്കാൻ നടപടി</u>

3009 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവയിനം ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള വനവിഭവങ്ങളുടെ ശേഖരണവും വിപണനവും കാര്യക്ഷമമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വനവിഭവങ്ങളുടെ ശേഖരണവും വിപണനവും നടത്തുന്ന വനശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) വനാശ്രിത സമൂഹത്തിന്റെ പ്രധാന ഉപജീവനമാർഗമായ വനവിഭവങ്ങളുടെ ശേഖരണം പ്രകൃതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമാകാത്ത രീതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദ വിവരം നൽകുമോ;

(ഡി) വനാശ്രിത സമൂഹത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന വിധത്തിൽ വനശ്രീ ഉല്പന്നങ്ങളുടെ ഓൺലൈൻ വിപണനം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## <u>പന്തപ്ര ആദിവാസി നഗറിലെ പുനരധിവാസം</u>

3010 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പന്ത്രപ്ര ആദിവാസി നഗറിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയിട്ടുള്ള ഭൂമിയിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുമാറ്റി ഭൂമി കൃഷിയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; നടപടികൾ വേഗത്തിലാക്കി മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## നിലമ്പൂർ ഫോറസ്റ്റ് ഡിവിഷനുകളില മരവുരുപ്പടി വിൽപ്പന

3011 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫോറസ്റ്റ് നോർത്ത്, സൗത്ത്, സെയിൽസ് ഡിപ്പോ തുടങ്ങിയ ഡിവിഷനുകളിൽ നിന്ന് തേക്ക് മരങ്ങളുൾപ്പെടെ കഴിഞ്ഞ മൂന്ന വർഷകാലയളവിൽ എത്ര രൂപയുടെ വിൽപ്പന നടന്നിട്ടുണ്ട്; വിശദമാക്കാമോ?

## വന്യജീവി സംരക്ഷണത്തിനും വന സന്ദർശകർക്കുമുള്ള പദ്ധതികൾ

3012 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി സംരക്ഷണത്തിനും വന സന്ദർശകർക്കും വനം വകുപ്പ് ഒരുക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) തടി ഡിപ്പോകൾ ആധുനികീകരിച്ച് അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കാൻ നടപടി

3013 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽപ്പെട്ട ഏയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ തീരുമാനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടലിലൂടെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം വന്യജീവി ബോർഡിന്റെ നിർദേശ പ്രകാരം സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഏയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനായി കേന്ദ്ര വനം വന്യജീവി ബോർഡിന്റെ നിർദേശ പ്രകാരമുള്ള എന്തെല്ലാം നടപടികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>വന്യജീവി സംരക്ഷണത്തിനായി ലഭിച്ച കേന്ദ്രഫണ്ട്</u>**

3014 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംരക്ഷണത്തിനും വന്യജീവി ആവാസവ്യവസ്ഥയുടെ സമഗ്രവികസനത്തിനുമായി കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ലഭിച്ച കേന്ദ്ര ഫണ്ടിന്റെ വിശദാംശം നൽകാമോ;

(ബി) അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ലാപ്സായ തുകയെത്രയെന്നും അറിയിക്കുമോ; തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) വന്യജീവി ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നത് വഴി മൃഗങ്ങൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നതുമൂലമുണ്ടാകുന്ന മനുഷ്യ - വന്യജീവി സംഘർഷങ്ങൾ കുറയ്ക്കാമെന്നതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

**<u>ഗ്രീൻ ഗ്രാസ് പ്രോജക്ട്</u>**

3015 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും ഭക്ഷിച്ച് വന്യമൃഗങ്ങൾ അപകടത്തിൽപ്പെടുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ വനമേഖല മാലിന്യമുക്തമാക്കുന്നതിന് വേണ്ടി ഗ്രീൻ ഗ്രാസ് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പരിസ്ഥിതിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന തരത്തിൽ വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കടുത്ത ശിക്ഷ നൽകുന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ; വിശദമാക്കുമോ?

**<u>കുറുനരി ആക്രമണത്തിൽ പരിക്കേറ്റവർക്ക് ധനസഹായം</u>**

3016 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കുറുനരി ആക്രമണം മൂലം എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ; അവർക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി</u>**

3017 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര മേഖലകളിൽ വന്യജീവി ആക്രമണം മൂലം ജനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മനുഷ്യ -വന്യജീവി സംഘർഷം തടയുന്നതിനായി വനം വകുപ്പ് ആരംഭിച്ച തീവ്രയജ്ഞ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രം അംഗീകരിക്കാത്തതിന് കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വന്യജീവി ശല്യം കുറയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്യുന്ന പരിസ്ഥിതി സൗഹൃദ നടപടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിൽ നിലവിൽ രൂപീകരിച്ചുകൊണ്ടിരിക്കുന്ന നിയമത്തിന്റെയും സഹായക സംഘങ്ങളുടെയും പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണം

3018 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലം 2016 മുതൽ നാളിതുവരെ ഓരോ വർഷവും മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും കണക്ക് വർഷം തിരിച്ചുനൽകാമോ; ഇതിൽ എത്രപേർക്ക് സർക്കാർ നഷ്ടപരിഹാരം നൽകി എന്ന കണക്കും വർഷം തിരിച്ചുനൽകാമോ?

## വന്യജീവികളുടെ ആക്രമണങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം

3019 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലം മനുഷ്യർക്ക് ഉണ്ടാകുന്ന പരിക്ക്, ക്ഷതം, മരണം എന്നിവയ്ക്ക് വനം വകുപ്പ് നഷ്ടപരിഹാരമായി എന്തൊക്കെ ധനസഹായങ്ങളാണ് നൽകുന്നത്; വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരമായി ലഭ്യമാക്കുന്ന തുകയുടെ കണക്കുകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരം ലഭ്യമാക്കാൻ പ്രത്യേക അപേക്ഷ ഫോറം ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) വനംവകുപ്പിന്റെ ഏതൊക്കെ ഓഫീസുകളിൽ നിന്നാണ് നഷ്ടപരിഹാര തുക ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ആറളം, വയനാട് മേഖലകളിൽ വന്യമൃഗ ആക്രമണം തടയാൻ നടപടി</u>**

3020 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം, വയനാട് മേഖലകളിൽ വന്യമൃഗ ആക്രമണം തടയാൻ സർക്കാർ കാര്യക്ഷമമായി ഇടപെടുന്നില്ലെന്ന ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ദുരന്ത നിവാരണ നിയമ പ്രകാരമുള്ള അധികാരം ഉപയോഗപ്പെടുത്തി പ്രസ്തുത മേഖലകളിലെ വന്യമൃഗ ആക്രമണം തടയാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന കോടതി നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൈക്കോടതി വിമർശനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>വന്യജീവി ആക്രമണം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>**

3021 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി - മനുഷ്യ സംഘർഷം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പാലപ്പിള്ളി, എച്ചിപ്പാറ, ചൊക്കന, ശാസ്താംപൂവ്വം, ഇഞ്ചക്കുണ്ട് ഉൾപ്പെടെയുള്ള വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിലെ വിവിധ മലയോര ഗ്രാമങ്ങളിൽ വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കാർഷിക നാശവും ജനങ്ങളുടെ ജീവനും സ്വത്തിനും നേരെയുള്ള ഭീഷണിയും തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക</u>**

3022 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണ്; ആയത് പരിഷ്കരിക്കുന്നതിനു അടിയന്തര നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

**<u>വന്യമൃഗ ശല്യം പരിഹരിക്കാൻ നടപടികൾ</u>**

3023 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**

**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന വന്യമൃഗ ആക്രമണങ്ങൾ ഫലപ്രദമായി തടയുന്നതിനായി ഈ സർക്കാർ കൊണ്ട് വരുന്ന ബില്ലുകളുടെ മേന്മകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആക്രമണകാരികളായ വന്യമൃഗങ്ങളെ കൊല്ലുന്നതിനും കൃഷിയിടങ്ങൾ ആക്രമിക്കുന്നത് തടയുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുവാൻ പുതിയ ബില്ലിൽ വ്യവസ്ഥ ചെയ്യുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വന്യമൃഗശല്യം ശാശ്വതമായി പരിഹരിക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) റാപിഡ് റെസ്പോൺസ് ടീമിനെ (ആർ. ആർ. റ്റി.) ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) വനമേഖലയോട് ചേർന്ന് താമസിക്കുന്ന കർഷകരെ കള്ളക്കേസുകളിൽ കുടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>വന്യജീവി സംഘർഷം ലഘൂകരിക്കാൻ നടപടി</u>

3024 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ കാടുപിടിച്ച കിടക്കുന്ന എസ്റ്റേറ്റുകളുടെ ഉടമകൾക്ക് അടിക്കാട് നീക്കം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന റാപിഡ് റെസ്പോൺസ് ടീമുകൾക്ക് ആധുനിക ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>വന്യജീവികളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്നവർക്കുള്ള ധനസഹായം</u>

3025 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്നവർക്ക് ഏതെങ്കിലും ധനസഹായം വനം വകുപ്പ് അനുവദിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അത്തരത്തിൽ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റിയ എത്ര പേർക്ക് ഈ സർക്കാരിന്റെ കാലത്ത് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കുള്ള സഹായങ്ങൾ

3026 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്താൽ മരണമടയുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും കുടുംബങ്ങൾക്ക് നിലവിൽ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് ജോലി നൽകാനും കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വന്യജീവി ആക്രമങ്ങൾക്കിരയായി സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ മുഴുവൻ ചെലവും ഏറ്റെടുക്കാൻ തയ്യാറാകുമോ;

(ഡി) നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിലെ വന്യമൃഗശല്യം തടയാൻ നടപടി

3027 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ വന്യമൃഗ ശല്യം ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിഭൂമികൾക്കും നിരന്തരമായ ഭീക്ഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗശല്യം നിയന്ത്രിക്കുന്നതിന് പേരാമ്പ്ര മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയിരിക്കുന്നത്; 2016 മുതൽ 2021 വരെയും 2021 മുതൽ നാളിതുവരെയും പ്രസ്തുത ആവശ്യത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പദ്ധതികളുടെയും പ്രവൃത്തികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം നൽകാമോ;

(സി) പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപാറ പഞ്ചായത്തിൽ പേരാമ്പ്ര എസ്റ്റേറ്റിൽ കാട്ടാനയുടെ ആക്രമണം മൂലം ഗുരുതരമായി പരിക്കേറ്റ തൊഴിലാളിക്ക് സമാശ്വാസ തുക (നഷ്ടപരിഹാരം) അനുവദിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## കാസർഗോഡ് ജില്ലയിലെ വന്യജീവി ആക്രമണം

3028 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റിയവരുടെയും മരണപ്പെട്ടവരുടെയും എണ്ണം എത്രയെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

(ബി) ഈ കാലയളവിൽ കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി എത്ര തുക നഷ്ടപരിഹാരം നൽകിയിട്ടുണ്ട് എന്നും ഇനിയെത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ?

## ഇടുക്കി ജില്ലയിലെ വന്യമൃഗ ആക്രമണം

3029 **ശ്രീ. പി. ജെ. ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വന്യമൃഗ ആക്രമണങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനിടെ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; ഏത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) തൊടുപുഴ മുള്ളരിങ്ങാട് മേഖലയിൽ കാട്ടാന ശല്യം ഒഴിവാക്കാൻ വനം വകുപ്പ് നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ജലവിഭവ വകുപ്പിന് വകയിരുത്തിയ തുക

3030 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ജലവിഭവ വകുപ്പിന് വകയിരുത്തിയ ആകെ തുക എത്രയാണെന്നും അതിൽ ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിന് കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ

3031 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന് കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ വാടകയ്ക്ക് നൽകിയോ മറ്റ് രീതികൾ ഉപയോഗിച്ചോ വരുമാനമുണ്ടാക്കാനുള്ള പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ

3032 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ അവ എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ?

**<u>ജലസ്രോതസ്സുകളുടെ സംരക്ഷണം</u>**

3033 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ യഥാസമയം പരിപാലിക്കാതെയും ജനങ്ങളുടെ അതിക്രമത്താലും മറ്റു ഇടപെടലുകളുടെയും ഫലമായും മലിനമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന പ്രധാന ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവയുടെ സംരക്ഷണം-വിനിയോഗം-പരിപാലനം എന്നിവ ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) ജലസ്രോതസ്സുകളെ നശിപ്പിക്കുന്നവരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ;

(ഇ) ഇതിനായി റവന്യൂ-പഞ്ചായത്ത് വകുപ്പുകളുടെ സേവനം ആവശ്യപ്പെട്ടിട്ടുണ്ടോ; പുതിയ കർമ്മപദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>മൈക്രോ ഇറിഗേഷൻ പദ്ധതികൾ</u>**

3034 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാർ തലത്തിൽ എത്ര മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കാമോ; അതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വിളകൾ ഉൾപെടുത്തിയിട്ടുണ്ടെന്നും ഓരോ വിളകൾക്കും പ്രതിദിനം എത്ര ലിറ്റർ ജലമാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; പൂർത്തിയായ പദ്ധതികളിൽ ഉദ്ദേശിച്ച വിധത്തിൽ ജലം നൽകുന്നതിനു സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ വൈദ്യുതി സൗജന്യമായി നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ തുക വകുപ്പിൽ നിന്നും കെ. എസ്. ഇ. ബി. യ്ക്ക് നൽകുന്ന വിധം എങ്ങനെയാണെന്ന് അറിയിക്കാമോ; പൂർത്തിയായ പദ്ധതികളിൽ ഇതുവരെ ഉപയോഗിച്ച വൈദ്യുതിയുടെ അളവ് എത്രയാണെന്നും ഈ പദ്ധതിയിൽ സോളാർ വൈദ്യുതി ഉപയോഗിക്കുന്നുണ്ടോയെന്നും അറിയിക്കാമോ;

(ഡി) പാലക്കാട് മൂലത്തറ ഡാം റൈറ്റ് ബാങ്ക് കനാൽ ദീർഘിപ്പിക്കുന്ന പദ്ധതി മൈക്രോ ഇറിഗേഷൻ പദ്ധതിയുമായി ബന്ധിപ്പിച്ചാണോ നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

## അങ്കമാലി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിവരം

3035 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മേജർ, മൈനർ വിഭാഗത്തിൽ നാളിതുവരെ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകി പൂർത്തീകരിച്ചതും നടന്നുവരുന്നതുമായ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2025-26 വർഷം പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ അങ്കമാലി മണ്ഡലത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള ഏതെല്ലാം പ്രപ്പോസലുകളാണ് എറണാകുളം ജില്ലയിൽ നിന്നും ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

## മട്ടന്നൂർ മണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ

3036 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ 2016-2021, 2021-2025 കാലഘട്ടങ്ങളിൽ ജലവിഭവ വകുപ്പ് മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

3037 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വകുപ്പിലേക്ക് അടയ്ക്കാനുള്ള 40.39 ലക്ഷം രൂപ അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ജലവിഭവ വകുപ്പ് കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

3038 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിൽ 2016-21, 2021-25 കാലഘട്ടത്തിൽ ജലവിഭവ വകുപ്പ് മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

3039 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 2016 മുതൽ 2021 വരെയും 2021 മുതൽ നാളിതുവരെയും ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും നിലവിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

## മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ പുനഃസംയോജന പദ്ധതി

3040 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ പുനഃസംയോജന പദ്ധതിയിലെ ഏതെങ്കിലും പ്രവൃത്തികൾ ജലവിഭവ വകുപ്പ് ടെണ്ടർ വഴി കരാറുകാരെ നിശ്ചയിച്ചല്ലാതെ നേരിട്ട് ജനകീയ കൂട്ടായ്മക്ക് പണം കൈമാറി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 76 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ 2 പ്രവൃത്തികളും 1,38,69,785/-രൂപയുടെ ഭരണാനുമതി നൽകിയ 7 അനുബന്ധ പ്രവൃത്തികളും ഉൾപ്പെടെ ആകെ 9 പ്രവൃത്തികളും നടത്തിയ കരാറുകാരുടെ പേരുവിവരം ലഭ്യമാക്കാമോ;

(സി) 2019 ൽ രജിസ്റ്റർ ചെയ്ത് മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനഃസംയോജന പദ്ധതി എന്ന പേരിൽ രൂപീകരിച്ച സൊസൈറ്റിയുടെ കണക്കുകൾ രജിസ്ട്രേഷൻ വകുപ്പിലല്ലാതെ ജലവിഭവ വകുപ്പിൽ ലഭ്യമാക്കി സൂക്ഷിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

3041 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശവും അവയുടെ തൽസ്ഥിതി വിവരവും ലഭ്യമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ വിവിധ തോടുകളുടെ സംരക്ഷണ ഭിത്തിയും കലുങ്കുകളും നിർമ്മിക്കുന്നതിന് ബജറ്റിൽ അനുവദിച്ച പദ്ധതിയുടെ ഭരണ-സാങ്കേതിക അനുമതികൾക്ക് മൈനർ ഇറിഗേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## സൗജന്യ കുടിവെള്ള വിതരണം

3042 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിലേക്ക് സൗജന്യ കുടിവെള്ള വിതരണത്തിന് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## അരുവിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജലജീവൻ പദ്ധതികകൾ

3043 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന മുഴുവൻ ജലജീവൻ പദ്ധതികളുടെയും വിശദാംശം, അവയുടെ ഭരണാനുമതി തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ തരം തിരിച്ച് അറിയിക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും ഭൗതിക ലക്ഷ്യം സമയബന്ധിതമായി കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ഇറിഗേഷൻ പദ്ധതികൾ

3044 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേന അനുവദിച്ച പദ്ധതികളും അവയുടെ ഭരണാനുമതി തുകയും അറിയിക്കാമോ;

(ബി) അവയുടെ പൂർത്തീകരണം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

## ജൽ ജീവൻ, അമൃത് സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രവർത്തനം

3045 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി, ചളവറ, അനങ്ങനടി പഞ്ചായത്തുകളിലെ ജൽ ജീവൻ, അമൃത് സ്റ്റേറ്റ് പ്ലാൻ എന്നീ പദ്ധതികളുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) ഈ പദ്ധതികളുടെ പുരോഗതിയും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

3046 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജിവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാറുകാർ താമസം വരുത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിസ്സാര തടസ്സങ്ങൾ ചൂണ്ടിക്കാട്ടി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം വരുത്തുന്നത് ഒഴിവാക്കുന്നതിനായി ക്വാളിറ്റി ആന്റ് കോസ്റ്റ് ബേസ്ഡ് സിസ്റ്റത്തിനു പകരം സുതാര്യമായ ടെൻഡർ സംവിധാനം നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

## തിരുവനന്തപുരം മണ്ഡലത്തിലെ ജല വിഭവവകുപ്പിന് കീഴിലെ പ്രവൃത്തികൾ

3047 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ ജലവിഭവവകുപ്പിന് കീഴിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) അനുവദിച്ച ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുവാനുണ്ടെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

## <u>മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ</u>

3048 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര നിയോജക മണ്ഡലത്തിൽ മേജർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുന്നതിനായി ബജറ്റ് ഉൾപ്പെടെ വിവിധ പദ്ധതികളിലൂടെ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതി</u>

3049 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നിർദിഷ്ട ന്യൂ കട്ട് വാട്ടർ സ്റ്റോറേജ് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ടിൽ (ഡി. പി. ആർ.) ഉൾപ്പെട്ട ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പുതിയ ഡീറ്റൈൽഡ് സ്റ്റഡി റിപ്പോർട്ട് (ഡി. എസ്. ആർ.) പ്രകാരമുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ; ഓരോ നടപടിയും വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഫയൽ ധനകാര്യ വകുപ്പിലേക്ക് അനുമതിക്കായി സമർപ്പിച്ചിരുന്നോ; വിശദമാക്കാമോ?

## <u>ആലപ്പുഴ മണ്ഡലത്തിലെ വിവിധ മിഷനുകളും പദ്ധതികളും</u>

3050 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ മണ്ഡലത്തിൽ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2021 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; നിലവിൽ പൂർത്തീകരിക്കാൻ ഉള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

**വെള്ളപ്പൊക്ക സാധ്യതാ മുന്നറിയിപ്പ് സംവിധാനം**

3051 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക സാധ്യതാ മുന്നറിയിപ്പ് നൽകുന്നതിനായി ജലവിഭവ വകുപ്പിന് കീഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതിനായി തൽസമയ വിവരശേഖരണ സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഈ സംവിധാനത്തിന്റെ പ്രവർത്തനരീതി വിശദമാക്കാമോ;

(ഡി) ഈ പദ്ധതിക്ക് തുക അനുവദിച്ചതിന്റെ വിശദാംശം നൽകാമോ?

**ജൽ ജീവൻ മിഷൻ പദ്ധതി**

3052 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ സൗജന്യ നിരക്കിൽ എത്ര ഹൗസ് കണക്ഷൻ നൽകിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

3053 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

**കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ**

3054 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ നടപ്പിലാക്കിയ മൈനർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ആയതിൽ പ്രവൃത്തി ആരംഭിച്ചവയും ആരംഭിക്കാത്തവയും ആയ പദ്ധതികളുടെ ലിസ്റ്റും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**ജലജീവൻ പദ്ധതിക്ക് വേണ്ടി എടുത്ത റോഡുകളുടെ പുനരുദ്ധാരണം**

3055 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തിക്ക് വേണ്ടി എടുത്ത റോഡിലെ കുഴികൾ മൂടിയ ശേഷം പൂർണ്ണമായി ഗതാഗത യോഗ്യമാക്കാത്ത റോഡുകളുടെ പേര് വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം**

3056 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണത്തിന് സംസ്ഥാന ബജറ്റിൽ 15 കോടി രൂപ പ്രഖ്യാപനം ഉണ്ടായിട്ടും ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയുടെ മാനദണ്ഡപ്രകാരമുള്ള ഡി. പി. ആർ. ഈ പ്രവൃത്തിയുടെ നിർവഹണ ഏജൻസിയായ കെ. ഐ. ഐ. ഡി. സി. യും സി. എം. ഡി. യും ഇതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിൽ ആണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഡി. പി. ആർ. അടക്കമുള്ള ഫയൽ എന്നത്തെ ബോർഡ് മീറ്റിംഗിൽ പരിഗണിക്കും എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എന്നേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

**പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പുഴ നികത്തിയത്**

3057 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 66-ന്റെ നിർമ്മാണത്തിന്റെ ഭാഗമായി കോരപ്പുഴ, മുരാട് പുഴ എന്നിവയ്ക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പുഴ നികത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇങ്ങനെ നികത്തിയ മണ്ണ് പൂർണ്ണമായും നീക്കം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഹൈവേയുടെ പ്രവൃത്തിയുടെ ഭാഗമായുണ്ടാകുന്ന കോൺക്രീറ്റ് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ കരാറുകാരുടെ അനാസ്ഥ മൂലം ജലാശയങ്ങളിൽ

നിക്ഷേപിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നീക്കം ചെയ്യുന്നതിന് കർശനമായ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

**നദികളുടെ പരിപാലനത്തിന് മാസ്റ്റർ പ്ലാൻ**

3058 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പ്രധാന കാരണം നദികളുടെ പരിപാലനത്തിലുണ്ടായ ഉപേക്ഷയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നദികളുടെ പരിപാലനത്തിനായി നദീതട മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി തയ്യാറാക്കുന്നതെന്നും ഇതിനായി വിദേശ സഹായം ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകുമോ?

**മീനച്ചിലാറിന്റെ സംരക്ഷണം**

3059 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ മീനച്ചിലാറിലെ വിവിധ തടയണകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മീനച്ചിലാറിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാനപ്പെട്ട കൈവഴികളുടെ ഭൂരേഖകൾ പ്രകാരമുള്ള വീതിയും ആഴവും വീണ്ടെടുത്ത് സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ**

3060 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പുഴകളിലും തോടുകളിലും നീർച്ചാലുകളിലും മറ്റും മണ്ണ് അടിഞ്ഞുകൂടി വെള്ളത്തിന്റെ ഒഴുക്കിന് തടസ്സം നേരിടുന്നതും തന്മൂലം ജലസംഭരണശേഷി കുറയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുഴകളിലും നീർച്ചാലുകളിലും തോടുകളിലും മണ്ണടിഞ്ഞു കിടന്ന് വെള്ളത്തിന്റെ ഒഴുക്കു കുറഞ്ഞ് വെള്ളം സംഭരിക്കാൻ കഴിയാതെ വരുന്നതിനാൽ പാടശേഖരങ്ങളിലേക്ക് വെള്ളം എത്താതെ കൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ മണ്ണ് അടിഞ്ഞുകൂടിയ തിരൂരങ്ങാടി മണ്ഡലത്തിലെ പുഴകളിലേയും റോഡുകളിലേയും നീർച്ചാലുകളിലേയും മണ്ണ് നീക്കം ചെയ്യുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കുകയോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയോ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

**ചാലക്കുടിപ്പുഴയുടെ സംരക്ഷണത്തിന് സംയോജിത നദീതട പ്ലാൻ**

3061 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയുടെ പുനരുജ്ജീവനത്തിന് സംയോജിത നദീതട പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ചാലക്കുടിപ്പുഴയിൽ കൂടുതൽ തടയണകൾ നിർമ്മിച്ച് വേനൽക്കാലത്തും ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) മേലൂർ-പരിയാരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലക്കുടിപ്പുഴയിലെ കയ്യാനിക്കടവിൽ തടയണ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) റിവർ ബേസിൻ കൺസെർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

## മണലും എക്കലും നീക്കം ചെയ്യുന്ന നടപടി

3062 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടു ദിവസം തുടർച്ചയായി മഴ പെയ്താൽ തന്നെ വെള്ളപ്പൊക്കം രൂക്ഷമാകുന്ന സാഹചര്യം മറികടക്കാൻ ആറുകൾ, തോടുകൾ, ഡാമുകൾ എന്നിവിടങ്ങളിലെ മണലും എക്കലും നീക്കം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആറുകളിലെയും തോടുകളിലെയും മണൽ ഏകദേശം 30 വർഷത്തിൽപരമായിട്ടും നീക്കം ചെയ്യാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിന് ഉൾപ്പെടെ ഗുണകരമാകുന്ന ആറ്റുമണൽ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മണൽ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ബഫർസോൺ

3063 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകൾക്ക് ചുറ്റും ഏർപ്പെടുത്തിയ ബഫർസോൺ പിൻവലിച്ചിട്ടും വീട് ഉൾപ്പെടെയുള്ളവയുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസംഭരണിയുടെ റിസർവോയർ ഏരിയയ്ക്ക് സമീപം കെട്ടിട നിർമ്മാണത്തിന് അപേക്ഷ നല്കിയെങ്കിലും പഴശ്ശി ഇറിഗേഷനിൽ നിന്നും ഒരു വർഷത്തിലേറെയായി എൻ. ഒ. സി. ലഭിക്കാത്തതിനെ തുടർന്ന് പഞ്ചായത്ത്

പെർമിറ്റ് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; നിലവിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷകർക്ക് എത്രയും വേഗത്തിൽ എൻ. ഒ. സി. നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഇടമലയാർ ഇറിഗേഷൻ കനാൽ

3064 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ ഇടമലയാർ പ്രോജക്റ്റ് ഡിവിഷൻ 2-ന്റെ പരിധിയിൽ വരുന്ന ഇടമലയാർ ഇറിഗേഷൻ കനാലുകളിൽ ജലവിതരണം സുഗമമായി നടത്തുന്നതിന് 2025-26 വർഷം എത്ര തുകയാണ് അറ്റകുറ്റ പണിക്കായി നീക്കി വച്ചിട്ടുള്ളതെന്ന് പ്രവൃത്തി തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) അങ്കമാലി മണ്ഡലത്തിൽ കനാലുകളുടെ അടിയന്തര അറ്റകുറ്റപണികൾക്കും പുനരുദ്ധാരണത്തിനും 2025-26 വർഷം തുക അനുവദിക്കണമെന്ന് ബഹു.ജലവിഭവ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം പരിഗണിച്ച് മതിയായ തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർക്ക് നൽകുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ വിഷയത്തിൽ ബഹു.മന്ത്രിക്ക് നിയമസഭാംഗം നൽകിയ കത്ത് പരിശോധിച്ച് അർഹമായ പരിഗണന ഈ വിഷയത്തിൽ നൽകി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിനുള്ള നടപടി

3065 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ കായലിൽ വലിയ തോതിൽ ഉയർന്ന് കുന്നുകളായി മാറിയിട്ടുള്ള മൺകൂനകൾ നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും കരാറുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്നും കാലതാമസം ഒഴിവാക്കി മൺകൂനകൾ നീക്കം ചെയ്യുന്നതിന് മേജർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## കടവത്ത് വയൽ തോടിന് കുറുകെയുള്ള തടയണ നിർമ്മാണം

3066 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി പഞ്ചായത്തിലെ കടവത്ത് വയൽ തോടിന് കുറുകെയുള്ള തടയണ നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**<u>അക്വാഡക്റ്റിന്റെ ഉയരം കൂട്ടാൻ നടപടി</u>**

3067 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നാടുകാണി റോഡിന് കുറുകെ കടന്നുപോകുന്ന അക്വാഡക്റ്റിന്റെ ഉയരക്കുറവുമൂലം പ്രസ്തുത റോഡിലൂടെ വലിയ വാഹനങ്ങൾ കടന്നുപോകുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) അക്വാഡക്റ്റിന്റെ ഉയരം കൂട്ടുകയോ അല്ലെങ്കിൽ അക്വാഡക്റ്റിന് പകരമായി ഈ പ്രദേശത്ത് കനാൽ നിർമ്മിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) അക്വാഡക്റ്റിന് പകരം സൈഫൺ നിർമ്മിക്കാൻ അന്വേഷണം നടത്തി സാങ്കേതിക സാധ്യത പരിശോധിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>തീരശോഷണം തടയാൻ നടപടി</u>**

3068 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 60 ശതമാനം കടൽത്തീരങ്ങളും ശോഷണത്തിലാണെന്നത് ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വൻതോതിലുള്ള തീരശോഷണത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) തീരശോഷണം ആവാസ വ്യവസ്ഥയെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) തീരസംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങളാണ് ജലവിഭവ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>അട്ടപ്പാടി കുന്താനദീതട പദ്ധതി</u>**

3069 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കുന്താനദീതട പദ്ധതിയുടെ മണ്ണ് സംരക്ഷണത്തിനായി കയ്യാല കെട്ടുന്നതിന് ആകെ എത്ര രൂപ ചെലവഴിച്ചു; അട്ടപ്പാടിയിലെ ഓരോ ആദിവാസികളുടെയും ഭൂമിയിൽ എത്ര രൂപ വീതമാണ് ചെലവഴിച്ചത്; തുക ചെലവഴിച്ചത് സംബന്ധിച്ച രജിസ്റ്ററിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

**<u>സംരക്ഷണ ഭിത്തി നിർമ്മാണം</u>**

3070 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ഐആർആർ/1എ/ഇഎസ് ടി/6558/2024-5-1-1 സമർപ്പിച്ചിരിക്കുന്ന ഇടുക്കി ജില്ലയിലെ മൂന്നാർ പ്രീ-മെട്രിക് ഹോസ്റ്റലിന് സമീപം വാർഡ് 10 സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## ചാലക്കുടി പുഴയോരം സംരക്ഷണ പ്രവൃത്തി

3071 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചാലക്കുടി പുഴയിലെ വൈന്തല പ്രോജക്ട് കടവ് മുതൽ സമ്പാളൂർ ഞറളക്കടവ് വരെയുള്ള ഭാഗത്തെ പുഴയോര സംരക്ഷണം എന്ന പ്രവൃത്തിയുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) ഈ പ്രദേശത്തെ പറമ്പുകളുടെ വശങ്ങൾ പുഴയിലേക്ക് ഇടിഞ്ഞ് വീഴുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവൃത്തിയുടെ മെല്ലപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഗൗരവമായി കണ്ട് പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## വെള്ളരിത്തോടിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി

3072 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ 5 കോടി വകയിരുത്തി നിർമ്മിക്കുന്ന കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വെള്ളരിത്തോടിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭിത്തി നാട്ടുകാർ പൊളിച്ചു നീക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഈ വെള്ളരിത്തോടിന്റെ സംരക്ഷണഭിത്തി സംരക്ഷിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 15 പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

## തീരസംരക്ഷണം

3073 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. അൻവർ സാദത്ത്**

**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീര സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഫലപ്രദമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) തീര സംരക്ഷണത്തിനായി ടെട്രാപോഡ് സ്ഥാപിക്കുന്നതിനുള്ള ഏതൊക്കെ പദ്ധതികളാണ് നിലവിൽ ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) തീരപ്രദേശത്തിന്റെ സംരക്ഷണവും തീരദേശ ജനതയുടെ സുരക്ഷയും ഉറപ്പാക്കുന്നതിനായി കടൽ ഭിത്തി നിർമ്മാണം ഉൾപ്പെടെയുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം</u>**

3074 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ 2021 മുതൽ കടൽഭിത്തി നിർമ്മാണത്തിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**<u>മാളിയേക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>**

3075 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരി പഞ്ചായത്തിൽ നടപ്പിലാക്കുന്ന മാളിയേക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്‌തുത പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം വന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്ന വിശദമാക്കാമോ;

(ഡി) പ്രസ്‌തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

**<u>പറളിപ്പാടം വി.സി.ബി.കം ബ്രിഡ്ജ് നിർമ്മാണം</u>**

3076 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി.(വെന്റഡ് ക്രോസ്സ് ബാർ )കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി (എം.ഐ ക്ലാസ് I, 4702-00-101-99-01) സംബന്ധിച്ച പ്രൊപ്പോസലിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പ് സാമ്പത്തിക വർഷത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ പമ്പ് സെറ്റുകളുടെ വാർഷിക അറ്റകുറ്റപണികൾ

3077 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തിൽ കോട്ടക്കൽ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിൽ പമ്പ് സെറ്റുകളുടെ വാർഷിക അറ്റകുറ്റപണികൾക്കായി ലഭിച്ച പ്രൊപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും അവയുടെ നിലവിലെ പുരോഗതി എന്തെന്നും വിശദമാക്കുമോ;

(സി) പമ്പ് സെറ്റുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി നടത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## വിളപ്പിൽശാല പഞ്ചായത്തിലെ കടുമ്പുപാറയിൽ സ്ഥാപിക്കുന്ന വാട്ടർ ടാങ്കിന്റെ വിശദാംശം

3078 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല പഞ്ചായത്തിലെ കടുമ്പുപാറയിൽ സ്ഥാപിക്കുന്ന ജൽജീവൻ മിഷന്റെ ഭാഗമായുള്ള വാട്ടർ ടാങ്കിന്റെ അനുബന്ധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനായി അനുമതി ലഭ്യമായ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകും; വിശദാംശം ലഭ്യമാക്കാമോ?

## കോട്ടക്കൽ കൃഷിഭവൻ പരിധിയിലെ സമഗ്ര ജലസേചന പദ്ധതി

3079 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കൃഷിഭവൻ പരിധിയിൽ നെൽകൃഷിയും പച്ചക്കറി കൃഷിയും വിപുലപ്പെടുത്തുന്നതിനായി കൃഷിഭവന്റെ പരിധിയിലുള്ള ജലസ്രോതസുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യുന്നതുൾപ്പടെയുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>ചക്കംകണ്ടം റെഗുലേറ്റർ-കം- ബ്രിഡ്ജ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ</u>**

3080 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കംകണ്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിലവിലെ പാലം തകർന്നത് മൂലം ഗതാഗതം നിരോധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രയും വേഗം ഭരണാനുമതി ലഭ്യമാക്കി പുനർനിർമ്മാണം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ്</u>**

3081 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ ചമ്രവട്ടം റഗുലേറ്റർ-കം -ബ്രിഡ്ജിന്റെ ചോർച്ച അടക്കൽ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രോജക്ടുകൾ</u>**

3082 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ ബാപ്പുകൽ ബണ്ട് നിർമ്മാണം, മുട്ടിൽകാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രോജക്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>തവനൂർ മണ്ഡലത്തിലെ കുട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ റിപ്പയർ പ്രവൃത്തികൾ</u>**

3083 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ കുട്ടായി റഗുലേറ്റർ- കം-ബ്രിഡ്ജിന്റെ റിപ്പയർ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ബ്രിഡ്ജിലൂടെ ഒരേസമയം രണ്ട് വാഹനങ്ങൾക്ക് കടന്ന് പോകാൻ കഴിയുന്ന തരത്തിൽ വീതി കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; അതും കൂടി പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പയർ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

3084 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഭൂജല വകുപ്പുകൾ എന്നിവ മുഖാന്തിരം പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെയും ആയതിന് അനുവദിച്ച തുകയുടേയും ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കോരപ്പുഴയുടെ ആഴം കൂട്ടുന്ന പ്രവൃത്തിയുടെ പുരോഗതി

3085 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോരപ്പുഴയിൽ നിന്ന് ചെളി നീക്കം ചെയ്ത് പുഴയുടെ ആഴം കൂട്ടുന്ന പ്രവൃത്തി കാര്യക്ഷമമായി പുരോഗമിക്കുന്നുണ്ടോ; ഇതിന്റെ ഭാഗമായി ഏകദേശം എത്ര ടൺ ചെളി മണൽ നീക്കം ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പുഴയുടെ സ്വതസിദ്ധമായ ഒഴുക്ക് വീണ്ടെടുക്കാൻ ഈ പ്രവൃത്തിയിലൂടെ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി കരയിലൂടെയുള്ള ഒഴുക്ക് ശക്തിപ്പെട്ടതുമൂലം കരയിടിയുന്നത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇത്തരത്തിൽ കരയിടിഞ്ഞതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പുതുപ്പള്ളി മണ്ഡലത്തിലെ പ്രവൃത്തികൾ

3086 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി മണ്ഡലത്തിൽ 2022-23 മുതൽ 2025-26 വരെയുള്ള കാലയളവുകളിലെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച ശേഷം പ്രവൃത്തി തുടങ്ങുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലുകൾ ഏതൊക്കെയെന്നും ഇവയോരോന്നും കോട്ടയം മൈനർ ഇറിഗേഷൻ ഓഫീസിൽ ലഭിച്ച തീയതിയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) ആസ്തി വികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ വിനിയോഗിച്ച് മീനടം ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറെവീട്ടിൽ കടവ് പാലം പുനർനിർമ്മിക്കുന്ന പ്രവൃത്തിക്കായുള്ള പ്രൊപ്പോസൽ വകുപ്പിന് ലഭിച്ച തീയതിയും ആയതിൽ നാളിതുവരെ സ്വീകരിച്ച നടപടികളും അറിയിക്കുമോ;

(സി) ആസ്തി വികസന ഫണ്ടിൽ നിന്നും 45 ലക്ഷം രൂപ വിനിയോഗിച്ച് മീനടം ഗ്രാമപഞ്ചായത്തിൽ പാണ്ടൂർക്കടുപ്പ് പാലം പുതുതായി നിർമ്മിക്കുന്ന പ്രവൃത്തിക്കായുള്ള പ്രൊപ്പോസൽ വകുപ്പിന് ലഭിച്ച തീയതിയും ആയതിൽ നാളിതുവരെ സ്വീകരിച്ച നടപടികളും അറിയിക്കുമോ?

## കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ

3087 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ടതും ഇറിഗേഷൻ വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ളതുമായ കുട്ടനാട്ടിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ പൂർണ്ണ വിവരം ലഭ്യമാക്കാമോ?

## കാഞ്ഞിരമുഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

3088 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം നഗരസഭയിൽ നടപ്പിലാക്കുന്ന കാഞ്ഞിരമുഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്ക് നാളിതുവരെയായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണുള്ളതെന്നും പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## കല്ലാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം

3089 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കല്ലാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ മെക്കാനിക്കൽ പ്രവൃത്തികൾ കഴിഞ്ഞ ഒന്നര വർഷമായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പ്രൊക്വയർമെന്റ് ആന്റ് ഇൻസ്റ്റലേഷൻ ഒറ്റ ടെൻഡറായി നടപ്പിലാക്കുമ്പോൾ മെക്കാനിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികളുടെ പ്രൊക്വയർമെന്റ് ആന്റ് ഇൻസ്റ്റലേഷൻ വേർതിരിച്ച് നടപ്പിലാക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊക്വയർമെന്റ് ആന്റ് ഇൻസ്റ്റലേഷൻ വേർതിരിച്ച് നടപ്പിലാക്കിയതുമൂലം സംസ്ഥാനത്ത് കാലതാമസം നേരിട്ട പ്രവൃത്തികളുടെ വിവരങ്ങൾ വിശദമാക്കാമോ;

(ഡി) റെഗുലേറ്റർ പോലുള്ള വലിയ പ്രവൃത്തികളിൽ മെക്കാനിക്കൽ പാർട്ട് പ്രൊക്വയർമെന്റ് ആന്റ് ഇൻസ്റ്റലേഷൻ ഒറ്റ ടെൻഡറായി നടപ്പിലാക്കുന്നതുപോലെ

ലിഫ്റ്റ് ഇറിഗേഷനിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

3090 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മേജർ, മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അവയുടെ ഭരണാനുമതി തുക, നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെടെ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ കേരള വാട്ടർ അതോറിട്ടി, ഭൂജലവകുപ്പ് എന്നിവ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളും ഭരണാനുമതി തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ?

## മൂന്നിയൂർ പഞ്ചായത്തിലെ കുളിക്കടവുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

3091 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴയുടെ വലതു കരഭാഗത്തുള്ള മൂന്നിയൂർ പഞ്ചായത്തിലെ 5 കുളിക്കടവുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികളിൽ നിലവിൽ നേരിടുന്ന പ്രതിസന്ധികൾ മറികടന്ന് പദ്ധതി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി

3092 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി കളിക്കളങ്ങൾ ഉൾപ്പെടെയുള്ള പൊതു ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നത് സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

(ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിൽ പാനൂർ അംശം എലാങ്കോട് ദേശത്ത് കാപ്പുമ്മലിൽ റീ സർവേ നമ്പർ 29/5, 29/10, 29/09-ൽ പ്പെട്ട മൂന്ന് ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് പ്രസ്തുത ഭൂമി സ്റ്റേഡിയമായി ഉപയോഗിക്കാൻ അനുമതി നൽകുമോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് വകുപ്പിന് നൽകിയ അപേക്ഷകളിന്മേൽ

സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**കോട്ടക്കൽ മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ**

3093 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷം മുതൽ നാളിതുവരെ മേജർ/മൈനർ ഇറിഗേഷൻ പദ്ധതികളിലായി കോട്ടക്കൽ മണ്ഡലത്തിൽ നിന്നുള്ള എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തി ആരംഭിച്ചതും പൂർത്തീകരിച്ചിട്ടില്ലാത്തതുമായവ, നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവ എന്നിവയുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയ്ക്കൽ മണ്ഡലത്തിൽ മേജർ/ മൈനർ ഇറിഗേഷൻ പദ്ധതികളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എത്ര പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അവയുടെ വിശദാംശവും നിലവിലെ സ്ഥിതിയും അവയിൽ ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(ഡി) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം എന്നിവയ്ക്ക് വേണ്ടി 2023-24 വർഷം മുതൽ നാളിതുവരെ സമർപ്പിച്ച പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കാമോ?

**കുട്ടായി ലോക്ക് കം ബ്രിഡ്ജ്**

3094 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ നിർമ്മാണം നടക്കുന്ന കുട്ടായി ലോക്ക് കം ബ്രിഡ്ജിന്റെ റോഡ് വീതി 4.5 മീറ്റർ മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) രണ്ട് വാഹനങ്ങൾ ഒരുമിച്ച് പോകുന്നതിനാവശ്യമായ വീതി നൽകുന്നതിനായി ഡിസൈൻ ചേഞ്ച് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നടപടി ഏതുവരെയായിയെന്നും എന്നത്തേയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ?

**സുസ്ഥിര ജലലഭ്യതക്കായി ഭൂജലസംപോഷണ പദ്ധതികൾ**

3095 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിര ജലലഭ്യത കൈവരിക്കുന്നതിനായി ഭൂജല സംപോഷണ പദ്ധതികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരളത്തിലെ ജലസ്രോതസ്സുകളെക്കുറിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി വാട്ടർഷെഡ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാനുകൾ ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംയോജിത ജലവിഭവ മാനേജ്മെൻറ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

## ഭൂഗർഭജല സംപോഷണം

3096 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംരക്ഷണവും ജലഗുണനിലവാരവും ശുദ്ധജല ലഭ്യതയും മെച്ചപ്പെടുത്തുന്നതിനായി പൊതുജനങ്ങളിൽ ജലസാക്ഷരത ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പുതുതലമുറയ്ക്ക് ജലസാക്ഷരത പരിചയപ്പെടുത്തുന്നതിനായി ജലസംരക്ഷണത്തിന്റെ നല്ല പാഠങ്ങൾ സ്കൂൾതലത്തിൽ തന്നെ പരിശീലിപ്പിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) മഴവെള്ളം പരമാവധി ഉപയോഗപ്പെടുത്തുന്നതിനും ഭൂഗർഭജല സംപോഷണത്തിനും സഹായിക്കുന്ന തരത്തിലുള്ള കെട്ടിട നിർമ്മാണ മാതൃകകൾ പിന്തുടരുന്നതിന് പൊതുജനത്തെ ബോധവൽക്കരിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) എല്ലാ കുടിവെള്ള സ്രോതസ്സുകളിലെയും ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സമൂഹത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും മികച്ച മാലിന്യ സംസ്കരണ സംവിധാനവും പിന്തുടരുവാൻ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾ

3097 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളും മറ്റ് ഏജൻസികളും ഭൂജല വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നിർവഹിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള കുഴൽക്കിണറുകൾ തകരാറിലാകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്ത് തുടർ നപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## ഭൂജല വകുപ്പിന്റെ പദ്ധതികൾ

3098 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ ചുമതലകളും വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ നടപടികളും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) എന്തെല്ലാം പുതിയ പദ്ധതികളാണ് നിലവിൽ ഭൂജല വകുപ്പ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്; വിശദമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വകുപ്പ് മുഖേന തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ ആവിഷ്കരിച്ചതോ പൂർത്തീകരിച്ചതോ ആയ പദ്ധതികളുടെ വിശദവിവരങ്ങൾ ഓരോന്നും ഇനം തിരിച്ചു ലഭ്യമാക്കാമോ?

## ജല സ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ട് ജലസംസ്കരണവും പുനരുപയോഗവും പ്രോത്സാഹിപ്പിക്കാൻ നടപടി

3099 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവൽക്കരണവും മാറുന്ന കാലാവസ്ഥാ പ്രവണതകളും കാരണം ജലസ്രോതസ്സുകളിൽ സമ്മർദ്ദം ഏറുന്ന സാഹചര്യത്തിൽ അവയുടെ സംരക്ഷണത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിലെ ജലസ്രോതസ്സുകളിന്മേലുള്ള സമ്മർദം കുറക്കുന്നതിന്റെ ഭാഗമായി ജലത്തിന്റെ പുനരുപയോഗവും മലിനജല സംസ്കരണവും കാര്യക്ഷമമാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കുടിവെള്ളമായി വിതരണം ചെയ്യുന്ന ജലം മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഹോസ്റ്റലുകൾ, ആശുപത്രികൾ, ഹോട്ടലുകൾ പോലെ ജല ഉപയോഗം കൂടുതലുള്ള സ്ഥാപനങ്ങളിൽ ജലസംസ്കരണത്തിനും പുനരുപയോഗത്തിനുമായി സംവിധാനം ഒരുക്കുന്നതിന് ജലവിഭവ വകുപ്പ് നിബന്ധനകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ജലവിഭവ വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം

3100 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ഓരോ റിപ്പോർട്ടും സമർപ്പിച്ചതെന്നാണെന്നും ഓരോ റിപ്പോർട്ടിന്മേലും നാളിതുവരെ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചുവെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

## കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കാൻ നടപടി

3101 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകളിൽ ഇ. കോളി അടക്കമുള്ള ബാക്ടീരിയകളുടെ അളവ് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ. കോളി അടക്കമുള്ള ബാക്ടീരിയകളുടെ വ്യാപനം അമീബിക് മസ്തിഷ്കജ്വരം ഉണ്ടാക്കുന്ന അമീബയുടെ വ്യാപനം കൂട്ടുമെന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തി സംബന്ധിച്ച്

3102 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; ടി പ്രവൃത്തിയുടെ ആകെ അടങ്കൽ തുകയും ഇതുവരെയായി പൂർത്തീകരിച്ച പ്രവൃത്തികളും ഇനി നിർവഹണത്തിന് ബാക്കിയുള്ള പ്രവൃത്തികളും ഏതൊക്കെയെന്ന് തുക സഹിതം വിശദമാക്കാമോ;

(ബി) വടകര താലൂക്കിലെ ജലവിതരണത്തിൽ ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം തടയുന്നതിന് വേണ്ടി വിഭാവനം ചെയ്ത ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നടപടി

3103 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ, കുത്തിയതോട് എന്നീ തീരപ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളം ലഭിക്കാതെ ബുദ്ധിമുട്ടുന്നത് ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പരസ്യത്തിനായി ചെലവഴിച്ച തുക

3104 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

## കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ

3105 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിണറിൽ നിന്നും മറ്റ് ജലസ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന കുടിവെള്ളം പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വടകര താലൂക്കിൽ ഇത്തരത്തിൽ ഏതൊക്കെ കേന്ദ്രങ്ങളിൽ നിന്ന് കുടിവെള്ള പരിശോധന നടത്താൻ സാധിക്കും എന്ന് അറിയിക്കാമോ?

## നദികളും ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കാൻ നടപടി

3106 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും ജലസ്രോതസ്സുകളും മലിനമാക്കപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയാൻ കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിച്ച എത്ര പേർക്കെതിരെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം 2016 മുതൽ നാളിതുവരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; ഓരോ വർഷവും പിഴയിനത്തിൽ ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) നദികളെയും ജലസ്രോതസ്സുകളെയും പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം ജലാശയങ്ങൾ ഉൾപ്പെടുന്നുണ്ട് എന്നും വ്യക്തമാക്കാമോ;

(ഡി) ജലാശയങ്ങളുടെ സംരക്ഷണത്തിനായി കേരള ജലസേചനവും ജലസംരക്ഷണവും നിയമം ശക്തമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നവകേരള മിഷനിലെ ഹരിത കേരളം മിഷനിലൂടെ എത്ര ജലസ്രോതസ്സുകളെ മാലിന്യ മുക്തമാക്കിയിട്ടുണ്ട്; വിശദാംശം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**<u>രാമപുരം കുടിവെള്ളം പദ്ധതി</u>**

3107 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന പാലാ നിയോജകമണ്ഡലത്തിലെ പതിമൂന്ന് പഞ്ചായത്തുകൾക്ക് മലങ്കര ഡാമിൽ നിന്നും കുടിവെള്ള ലഭ്യമാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി വേഗത്തിൽ നടപ്പിലാക്കി കുടിവെള്ളക്ഷാമം പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ജലവിഭവ വകുപ്പ് ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

3108 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി ജലവിഭവ വകുപ്പിന് കീഴിൽ ബാലുശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്കാണ് വകുപ്പിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന വിശദാംശം ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**<u>അമൃത് കുടിവെള്ള പദ്ധതി</u>**

3109 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ അമൃത് പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച കുടിവെള്ള പദ്ധതി ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുവരെയും പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്ത ഏതെങ്കിലും നഗരസഭയുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>ജൽ ജീവൻ പദ്ധതി</u>**

3110 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ പദ്ധതി പൂർത്തീകരിച്ച് എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ കരാറുകാർക്ക് സർക്കാർ ഫണ്ട് അനുവദിക്കാൻ ബാക്കിയുണ്ടോ എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൈപ്പിടുന്നതിനായി സംസ്ഥാനത്ത് എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ ജലവിഭവ വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ഡി) പ്രസ്തുത റോഡുകളിൽ റെസ്റ്റൊറേഷൻ പ്രവർത്തി പൂർത്തിയാക്കിയതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

## <u>ജൽജീവൻ പദ്ധതിക്കായി എടുത്ത റോഡുകളിൽ ഗതാഗത യോഗ്യമാക്കാത്ത റോഡുകൾ</u>

3111 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ജൽജീവൻ പദ്ധതിയുടെ പ്രവൃത്തിക്കുവേണ്ടി എടുത്ത റോഡിലെ കുഴികൾ മൂടിയ ശേഷം പൂർണമായി ഗതാഗത യോഗ്യമാക്കാത്ത റോഡുകളുടെ പേര് വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## <u>ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി</u>

3112 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) <u>കുത്തു</u>പറമ്പ് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നും വ്യക്തമാക്കുമോ?

## <u>ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പുരോഗതി</u>

3113 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പ്രവൃത്തികളുടെ പുരോഗതി ഗ്രാമപഞ്ചായത്തുകൾ തിരിച്ച് അറിയിക്കാമോ; എത്ര കോടി രൂപയാണ് ആകെ ഇതിനായി അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## <u>കാരോട് കുടിവെള്ള പദ്ധതി</u>

3114 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കാരോട് കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ജലവിഭവ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

3115 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് വഴി നടപ്പിലാക്കിയ വിവിധ പദ്ധതികൾ എന്തൊക്കെ; ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പദ്ധതിയുടെ വിശദ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പാറശ്ശാല ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി നെയ്യാർ കേന്ദ്രീകരിച്ച് ഒരു പ്രത്യേക പാക്കേജ് രൂപീകരിക്കണം എന്ന നിർദേശത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

3116 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി പൂർത്തിയാക്കിയതെന്നും എത്ര കണക്ഷനുകളാണ് നൽകാൻ ബാക്കിയുള്ളതെന്നും അറിയിക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായുള്ള വാട്ടർടാങ്ക്, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമ്മാണത്തിന്റെ സ്ഥിതി അറിയിക്കാമോ;

(ഡി) പദ്ധതിയുടെ ഭാഗമായി കുഴിക്കേണ്ടി വന്ന ഏതെല്ലാം റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ?

## പെരിനാട് കുടിവെള്ള പദ്ധതി

3117 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ പെരിനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

## ജൽ ജീവൻ പദ്ധതി

3118 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയുടെ ഇടുക്കി ജില്ലയിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; ദേവികുളം മണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ചുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി

3119 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി ഗ്രാമ പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി

3120 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഏതെല്ലാം പഞ്ചായത്തിലാണ് പദ്ധതി പൂർത്തിയാക്കാനുള്ളത്; എത്ര കണക്ഷനുകളാണ് നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കേരള വാട്ടർ അതോറിറ്റി മുഖേന കരിമ്പ, കോങ്ങാട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## പാലാ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

3121 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ ജൽജീവൻ പദ്ധതി പ്രകാരം എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പാലാ മണ്ഡലത്തിൽ ജൽജീവൻ പദ്ധതി ഉൾപ്പെടെ എന്തെല്ലാം പുതിയ കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## ജലജീവൻ പദ്ധതിയുടെ കരാറുകാരുടെ കുടിശ്ശിക

3122 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജീവൻ പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുത്തിട്ടുള്ള കരാറുകാർക്ക് കുടിശ്ശിക തുക നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

പ്രസ്തുത തുക സമയബന്ധിതമായി നൽകി പദ്ധതി പ്രവൃത്തികൾ മുടങ്ങാതിരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ജലനിധി പദ്ധതി

3123 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയിൽ പൂർത്തിയാക്കിയ ഏതെല്ലാം പദ്ധതികൾക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം നൽകുന്നുണ്ടെന്നും ഇതിന് ഏർപ്പെടുത്തിയിട്ടുള്ള വാട്ടർ ചാർജ് ഇനത്തിൽ ഈടാക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ജലനിധി പദ്ധതിയിൽ പൂർത്തിയാക്കിയ പദ്ധതിയിൽ ഉപഭോക്തൃ സമിതികൾ വാട്ടർ ചാർജ് ഇനത്തിൽ നൽകിയ തുക എത്രയെന്നും എത്ര തുക കുടിശിക വരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ വാട്ടർചാർജ് കുടിശിക തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

3124 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലവിഭവ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പേർക്ക് പുതിയതായി കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ആയതിനായി എത്ര തുക ചെലവഴിച്ചെന്ന് പഞ്ചായത്ത് തിരിച്ചുള്ള തുക വ്യക്തമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ

3125 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ജലജീവൻ മിഷൻ ആരംഭിക്കുന്നതിനു മുമ്പുള്ള കുടിവെള്ള കണക്ഷനുകളുടെ എണ്ണവും ജലജീവൻ മിഷൻ മുഖാന്തിരം നൽകിയ കണക്ഷനുകളുടെ എണ്ണവും ഇനി നൽകാൻ അവശേഷിക്കുന്ന കുടിവെള്ള കണക്ഷനുകളുടെ എണ്ണവും അനുവദിച്ച തുകയും ഗ്രാമപഞ്ചായത്ത് തിരിച്ച് നൽകാമോ?

## വാട്ടർ ചാർജ് ഇനത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ്

3126 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പൊതുടാപ്പുകളിലൂടെ പൊതുജനത്തിന് ജലം വിതരണം നടത്തുന്നതിനുള്ള വാട്ടർ ചാർജായി കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റ് ഏതിനത്തിലാണ് സംസ്ഥാന സർക്കാർ വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രാന്റിനത്തിൽ കോർപറേഷനുകൾക്കും മുനിസിപ്പാലിറ്റകൾക്കുമായി കേന്ദ്ര സർക്കാർ അനുവദിച്ച 719 കോടി രൂപ സംസ്ഥാന സർക്കാർ എന്താവശ്യത്തിനായിട്ടാണ് വിനിയോഗിക്കുകയെന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചായത്ത് പൊതുടാപ്പുകളിലൂടെ ജലം വിതരണം നടത്തിയയിനത്തിലെ വാട്ടർ ചാർജ് കുടിശിക തീർക്കുന്നതിനായി കേന്ദ്രം അനുവദിച്ച ഗ്രാന്റിൽ നിന്ന് സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് അതിനായി വിനിയോഗിക്കുകയെന്ന് വ്യക്തമാക്കാമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെയായി സംസ്ഥാന സർക്കാർ ജല അതോറിറ്റിക്ക് ഈ ഗ്രാന്റ് തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## തിരുമാറാടി പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി

3127 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിലെ മണ്ഡലം മലയിൽ ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന്റെ നിലവിലെ സ്ഥിതിവിശേഷം എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ടാങ്ക് സ്ഥാപിക്കുന്നതായി ബന്ധപ്പെട്ട് കോടതിവിധികൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കോടതിവിധി പ്രകാരം സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഇ) നിലവിൽ പ്രസ്തുത സ്ഥലത്ത് ടാങ്ക് സ്ഥാപിക്കുന്നതിന് സാങ്കേതികമായ തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

## തിരുവമ്പാടിയിലെ ജലജീവൻ പദ്ധതി

3128 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയിൽ ഓരോ തദ്ദേശഭരണസ്ഥാപനത്തിലും അനുവദിച്ച തുകയെത്രയെന്നും അവയിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തദ്ദേശഭരണസ്ഥാപനം തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാകുവാൻ ഇനിയും എത്ര സമയമെടുക്കുമെന്ന് വ്യക്തമാക്കുമോ?

**<u>ചക്കിട്ടപാറ പഞ്ചായത്തിലെ കുപ്പിവെള്ള പദ്ധതി</u>**

3129 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപാറ പഞ്ചായത്തിലെ കുപ്പിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>ചാലക്കുടിയിലെ ജലജീവൻ പദ്ധതി പ്രവർത്തനങ്ങൾ</u>**

3130 **ശ്രീ. സനീഷ്‌കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതും റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിൽ നാളിതുവരെ ജൽ ജീവൻ പദ്ധതിയുടെ എത്ര ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ;?

**<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവർത്തികൾ</u>**

3131 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര പ്രവൃത്തികൾക്കാണ് ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കാമോ?

**<u>വൈപ്പിൻ മണ്ഡലത്തിലെ ജലക്ഷാമ പരിഹാരം സംബന്ധിച്ച്</u>**

3132 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റി (ജിഡ)യുടെ ധനസഹായത്തോടെ മുരിക്കുംപാടത്ത് നിർമ്മിച്ചിട്ടുള്ള 11.80 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണിയിലും ഞാറക്കലിൽ നിർമ്മിച്ചിട്ടുള്ള 17.90 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണിയിലും ജലം ശേഖരിച്ച് പൂർണ്ണതോതിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജലസംഭരണികളുടെ പ്രയോജനം പൂർണ്ണതോതിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ജലസംഭരണികളുടെ പൂർണ്ണ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) ആലുവയിൽ നിർമ്മിക്കുന്ന 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ വിശദമായ പദ്ധതി റിപ്പോർട്ടിൽ വൈപ്പിൻകരയിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനാവശ്യമായ 42 MLD വെള്ളം ലഭ്യമാക്കുന്നതിനും ജിഡ ധനസഹായത്തോടെ നിർമ്മിക്കപ്പെട്ടിട്ടുള്ള ജലസംഭരണികളിൽ ജലമെത്തിക്കുന്നതിനും ആവശ്യമായ നടപടികൾ നിർദേശിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഇ) 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ വിശദമായ പദ്ധതി റിപ്പോർട്ടിൽ വൈപ്പിൻകരയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിന് മുൻഗണന നൽകണമെന്ന് ആവശ്യപ്പെട്ട് എം. എൽ. എ. 14.11.2024 ന് ബഹു. ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ജലസംഭരണി നിർമ്മാണം

3133 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഉപരിതല ജല സംഭരണികൾ നിർമ്മിക്കുന്നതിനായി പദ്ധതിയുള്ള ഡീസന്റ് മുക്ക്, പറകുന്ന് എന്നീ സ്ഥലങ്ങളിലെ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

3134 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന കുടിവെള്ളത്തിന് ഗുണനിലവാരം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) എല്ലാദിവസവും വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കൈലാസത്തുകുന്ന് കുടിവെള്ള പദ്ധതി

3135 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം പഞ്ചായത്തിലെ കൈലാസത്തുകുന്ന് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം ഫണ്ടുകളാണ് വകയിരുത്തിയിട്ടുള്ളതെന്നും എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## <u>പൈപ്പുകൾ സ്ഥാപിക്കുന്നതിനായി എടുത്ത കുഴികളുടെ റെസ്റ്റൊറേഷൻ</u>

3136 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷന്റെയും ജലവിഭവ വകുപ്പിന്റെയും പ്രവൃത്തികൾക്കു വേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴികൾ എടുത്ത റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാത്തത് മൂലം പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കേണ്ട റോഡ് പ്രവൃത്തികൾ നടപ്പാക്കാൻ കഴിയാതെ പോയതും ഈ ഫണ്ടുകൾ ലാപ്സായി പോയതുമായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം കൂടുതൽ ഫണ്ട് നഷ്ടമാകാതിരിക്കുന്നതിനായി, തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് റെസ്റ്റൊറേഷൻ ആവശ്യമാണെങ്കിൽ തദ്ദേശസ്ഥാപനത്തിന്റെ ഫണ്ട് ഉപയോഗിച്ച് റെസ്റ്റൊറേഷൻ നടപ്പാക്കുകയും, വാട്ടർ അതോറിറ്റിയുടെ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റെസ്റ്റോറേഷന്റെ തുക തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്ന തരത്തിൽ അനുമതി നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>മഞ്ചേശ്വരം മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>

3137 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും ആയത് പൂർത്തീകരിച്ചാൽ ലഭിക്കുന്ന നേട്ടങ്ങളെന്തൊക്കെയെന്നും വിശദമാക്കുമോ?

## <u>കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ നടപടി</u>

3138 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങൾ അടക്കമുള്ള സ്ഥലങ്ങളിൽ ജല അതോറിറ്റി വഴിയുള്ള കുടിവെള്ള വിതരണം തടസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിലടക്കം നിരവധി ദിനങ്ങളിൽ കുടിവെള്ളം മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം സാഹചര്യം ആവർത്തിക്കുന്നത് തടയാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണികൾ

3139 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ പദ്ധതി ആരംഭിച്ചതോടെ സംസ്ഥാനത്ത് കുടിവെള്ള കണക്ഷനുകൾ വളരെയേറെ വർധിച്ചിട്ടുള്ള സാഹചര്യത്തിൽ വിതരണ രംഗത്തും മെയിന്റനൻസ് രംഗത്തും കൂടുതൽ ജീവനക്കാർ ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തുടനീളം കണക്ഷനുകൾ നൽകുന്നത് കൊണ്ട് പൈപ്പുകൾ പൊട്ടി ജലം പാഴാകുന്നത് ഒഴിവാക്കുന്നതിനും ആയത് പെട്ടന്ന് പരിഹരിയ്ക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജലവിതരണ പൈപ്പുകൾ പൊട്ടുന്നതും ജലം പാഴാകുന്നതും വിതരണ ലൈനുകളിലെ കുഴപ്പങ്ങളും ഉണ്ടാകുമ്പോൾ ഗുണഭോക്താക്കൾക്ക് പരാതിപ്പെടാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പ് റോഡുകൾ, ദേശീയ പാത എന്നിവിടങ്ങളിൽ പൈപ്പ് പൊട്ടിയാൽ പ്രസ്തുത ഡിപ്പാർട്ടുമെന്റുകളുടെ അനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നത് ഒഴിവാക്കാനും ഇതിനുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനും ഇരു വകുപ്പുകളും തമ്മിൽ കൃത്യമായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഇത്തിക്കരയാറിൽ തടയണ നിർമ്മിക്കുന്നതിനുള്ള പഠനം റിപ്പോർട്ട്

3140 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽപ്പെട്ട പരവൂർ നഗരസഭയ്ക്കും പൂതക്കുളം ഗ്രാമപഞ്ചായത്തിനുമായി പുതിയ കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് ഇത്തിക്കര പാലത്തിന് മുകൾ ഭാഗത്തായി ഇത്തിക്കരയാറിൽ തടയണ നിർമ്മിക്കുന്നതിനുള്ള പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ വിശദാംശം എന്തെല്ലാമെന്നും അറിയിക്കുമോ;

(ബി) പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ജൽ ജീവൻ മിഷന്റെ ഭാഗമായുള്ള കുടിവെള്ള സ്രോതസ്സുകൾ

3141 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷന്റെ ഭാഗമായി കുടിവെള്ള സ്രോതസ്സുകൾ നിർമ്മിക്കാൻ ജലവിഭവ വകുപ്പ് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) കൂടുതൽ പേർക്ക് കുടിവെള്ളമെത്തിക്കുന്നതിനും പുതിയ ജലസ്രോതസ് കണ്ടെത്തുന്നതിനും പഞ്ചായത്തുകളുമായി സഹകരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

3142 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളികുന്ന് മണ്ഡലത്തിലെ മൂന്നിയൂർ, ചേലേമ്പ്ര, വള്ളിക്കുന്ന്, തേഞ്ഞിപ്പലം, പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടി ഹൈകോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ വൈകുന്നത് പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## തദ്ദേശ സ്ഥാപനങ്ങളിലെ പൊതു ടാപ്പുകൾ

3143 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു ടാപ്പുകൾക്കായി 2021 മുതൽ നാളിതുവരെ ഒരോ സാമ്പത്തിക വർഷവും എത്ര കോടി രൂപയാണ് വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ളത്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) വാട്ടർ ചാർജിനത്തിൽ എത്ര രൂപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2021 മുതൽ നാളിതുവരെ കുടിശിക വരുത്തിയതെന്ന് വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയുടെ ഫലമായി കൈക്കൊണ്ട തീരുമാനപ്രകാരം പൊതു ടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാനുള്ളത് ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങളുടെ കാര്യത്തിലാണെന്ന് വിശദീകരിക്കുമോ;

(ഡി) ജലജീവൻ മിഷനിൽ പൊതു ടാപ്പുകൾ കട്ട് ചെയ്തതിനാൽ അതിനനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വാട്ടർ ചാർജ്ജ് ഇനത്തിൽ കുറവ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) ഇല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാട്ടർ ചാർജിൽ കുറവ് വരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## മംഗലം ഡാം കുടിവെള്ള പദ്ധതി

3144 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ-തരൂർ നിയോജക മണ്ഡലങ്ങൾ പങ്കുവയ്ക്കുന്ന മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്കുള്ള ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ**

3145 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് 2021 മുതൽ 2025 വരെയുള്ള കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ജലസേചന വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

**ജല അതോറിറ്റിക്ക് ലഭിക്കുവാനുള്ള കുടിശിക**

3146 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വൻകിട സ്വകാര്യസ്ഥാപനങ്ങൾ, ഗാർഹിക ഉപയോക്താക്കൾ തുടങ്ങിയവയിൽ നിന്നും ജല അതോറിറ്റിക്ക് ലഭ്യമാകുവാനുള്ള കുടിശികയുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ?

**ജലം പാഴായി പോകുന്നതു തടയാൻ നടപടി**

3147 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി വിതരണത്തിനായി വിനിയോഗിക്കുന്ന ജലത്തിന്റെ 40 മുതൽ 45 ശതമാനം വരെ പാഴായി പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജലവിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച, ജലമോഷണം, മീറ്ററുകൾ പ്രവർത്തിക്കാതിരിക്കുന്നത് എന്നിവ കാരണം നഷ്ടം ഉണ്ടാകുന്നുണ്ടോ; വിശദവിവരം നൽകുമോ;

(സി) ജല നഷ്ടത്താൽ ഉണ്ടാകുന്ന വരുമാന നഷ്ടം കുറയ്ക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എടുത്തിട്ടുള്ള കടം**

3148 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഏതെല്ലാം ഏജൻസികളിൽ നിന്നും എത്ര തുക വീതം കടം എടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം ഏജൻസികൾ എത്ര തുക വീതം തിരിച്ചടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വാട്ടർ അതോറിറ്റി എടുത്തിട്ടുള്ള കടം തിരിച്ചടയ്ക്കുന്നതിന്റെ ഉത്തരവാദിത്തം വാട്ടർ അതോറിറ്റിക്കാണോ അതോ സർക്കാരിനാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) ജിക്ക പദ്ധതിയുമായി ബന്ധപ്പെട്ട് എടുത്ത വായ്പ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

## ജല അതോറിറ്റിയുടെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് നടപടി

3149 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ സാമ്പത്തിക ബാധ്യത തരണം ചെയ്യുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കമോ;

(ബി) ജലേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചനയുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന ജല അതോറിറ്റിയുടെ ഭൂമി ലാഭകരമായി എങ്ങനെ വിനിയോഗിക്കാമെന്നതിനെ കുറിച്ച് പഠിക്കാൻ കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വാട്ടർ അതോറിറ്റിക്ക് അനുവദിച്ച തുക

3150 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് 2016 മുതൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക അനുവദിച്ചു എന്നും ഇതിൽ എത്ര രൂപ നൽകി എന്നും വർഷം തിരിച്ച് ലഭ്യമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി

3151 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ ജൽ ജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ച റോഡുകൾ റെസ്റ്റോറേഷൻ നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മേൽ പ്രകാരമുള്ള റോഡുകൾ റെസ്റ്റോറേഷൻ നടത്തുന്നതിന് ഫണ്ട് അനുവദിക്കാനുണ്ടോ; എങ്കിൽ അനുവദിക്കാതിരുന്നതിന് കാരണം വിശദമാക്കാമോ?

**കോഴിക്കോട് ജില്ലയിലെ ജൽ ജീവൻ പദ്ധതി**

3152 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ജൽജീവൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിൽ നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ സംസ്ഥാന വിഹിതമായി നൽകേണ്ട തുകയിൽ കുടിശ്ശികയുണ്ടോ ;എങ്കിൽ ആയത് ലഭ്യമാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

**കാട്ടാക്കട മണ്ഡലത്തിലെ ജലജീവൻ മിഷന്റെ പ്രവത്തികൾ**

3153 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായുള്ള റോഡ് കട്ടിംഗിന്റെ റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) കാട്ടാക്കട-ബാലരാമപുരം റോഡിന്റെ റീസ്റ്റോറേഷൻ പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ആർക്കാണെന്നും റീസ്റ്റോറേഷൻ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടി എന്താണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ജൽ ജീവൻ മിഷന്റെ പ്രവൃത്തികളുടെ ഭാഗമായുള്ള റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ**

3154 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി പ്രവൃത്തികളുടെ ഭാഗമായുള്ള തച്ചോട്ട്കാവ്-മങ്കാട്ട്കടവ്, പിടാരം-വിളവൂർക്കൽ എന്നീ റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത റിസ്റ്റോറേഷൻ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ആർക്കാണെന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ജലജീവൻ മിഷൻ, അമൃത് പദ്ധതികൾ പ്രകാരം നൽകിയ വാട്ടർ കണക്ഷൻ**

3155 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ, അമൃത് എന്നീ പദ്ധതികൾ പ്രകാരം കായംകുളം മണ്ഡലത്തിലെ പഞ്ചായത്തുകൾ, നഗരസഭ എന്നിവിടങ്ങളിൽ എത്ര വാട്ടർ കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് പഞ്ചായത്തുകൾ, നഗരസഭ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

## കുടിവെള്ള പൈപ്പ് മാറ്റുന്നതിന് നടപടി

3156 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ മുതൽ അരൂർ വരെയുള്ള ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് DPR തയ്യാറാക്കിയപ്പോൾ ദേശീയപാതയുടെ ഇരു വശങ്ങളിലുമുള്ള ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് മാറ്റുന്നതിന് ദേശീയപാത അതോറിറ്റിയുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടന്നിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്തെ പൈപ്പ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്ന് അറിയിക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തികൾ

3157 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ അവണൂർ, മുളങ്കുന്നത്തുകാവ്, കോലഴി, അടാട്ട്, തെക്കുംകര, കൈപ്പറമ്പ്, തോളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) അവണൂർ-മുണ്ടൂർ ബി. എം. & ബി. സി. റോഡിലെ ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കാത്ത കരാറുകാരുടെയും അവർക്കെതിരായി സ്വീകരിച്ച നടപടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) കരാറുകാരനെ ടെർമിനേറ്റ് ചെയ്തതിനെ തുടർന്ന് നിലച്ചുപോയ റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച പുനർക്രമീകരണങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കേരള വാട്ടർ അതോറിട്ടിയിലെ പൊതുസ്ഥലം മാറ്റം

3158 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിട്ടിയിൽ 2025 വർഷത്തെ പൊതുസ്ഥലം മാറ്റത്തിലെ റാങ്ക് പട്ടികയിൽ അപാകതയുണ്ടായിട്ടുള്ളതായി എതെങ്കിലും സർവ്വീസ് സംഘടന പരാതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുസ്ഥലം മാറ്റത്തിന് പരിഗണന ലഭിക്കുന്നതിന് അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അക്വ) അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) പൊതുസ്ഥലം മാറ്റത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കുന്നതിനും സുതാര്യമാക്കുന്നതിനും ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>കുടിവെള്ള വിതരണത്തിലെ തടസം ഒഴിവാക്കുന്നതിന് നടപടി</u>**

3159 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊവ്വര ജലശുദ്ധീകരണ ശാലയിൽ അടിക്കടി ഉണ്ടാവുന്ന വൈദ്യുതി തടസം ഒഴിവാക്കുന്നതിനായി കെ.എസ്.ഇ.ബി. യുടെ പുതിയ ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 06.08.2024-ന് ഭരണാനുമതി ലഭ്യമായിട്ടും കെ.എസ്.ഇ.ബി. ക്ക് കെട്ടിവെക്കേണ്ട 4,41,28,000/- രൂപ നാളിതുവരെ ജലവിഭവ വകുപ്പ് കെട്ടിവെക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അടിയന്തരമായി കെട്ടിവെക്കുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. 24.03.2025-ന് ജലവിഭവ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക എന്നത്തേക്ക് കെട്ടിവെച്ച് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>വാട്ടർ അതോറിറ്റിയിലെ തസ്തിക പരിഷ്കരണവും ആനുകൂല്യങ്ങളുടെ വിതരണവും</u>**

3160 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിലെ ഭരണസമിതിയോഗം പരിഷ്കരിക്കാൻ തീരുമാനിച്ച തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) വാച്ച്മാൻ തസ്തികകളുമായി ബന്ധപ്പെട്ട് ഭരണസമിതി എന്ത് പരിഷ്കരണമാണ് തീരുമാനിച്ചതെന്ന് അറിയിക്കുമോ;

(സി) ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ വരുത്തിയ മാറ്റം എന്താണെന്ന് വ്യകതമാക്കുമോ;

(ഡി) ജീവനക്കാരുടെ കുറവ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയെങ്കിലും സ. ഉ. (അ) നം. 23/2022/ജ. വി. വ. പ്രകാരം ശമ്പള പരിഷ്കരണ കുടിശിക 2022 സെപ്തംബർ മാസത്തെ ശമ്പളത്തോടൊപ്പം പി. എഫ്.-ൽ ലഭ്യമാക്കിയിട്ടില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) ശമ്പള വെബ്സൈറ്റായ ജി-സ്പാർക്-ൽ ഈ ശമ്പള പരിഷ്കരണ കുടിശികയുടെ ബിൽ പ്രോസസ് ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; പ്രസ്തുത കുടിശിക പി. എഫ്.-ൽ ലയിപ്പിക്കുന്നതിൽ മറ്റെന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ജി) കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശിക അടിയന്തരമായി പി. എഫ്.-ൽ ലയിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ന്യൂനപക്ഷ സ്കോളർഷിപ്പ് പരിഷ്കരണം

3161 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാനും സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്കരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ തടസ്സരഹിതമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കൂടുതൽ സാമ്പത്തിക സഹായങ്ങളും സ്കോളർഷിപ്പുകളും ഗ്രാന്റുകളും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പദ്ധതികൾക്കുള്ള തുക

3162 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതലുള്ള വർഷത്തെ ബഡ്ജറ്റിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ നീക്കി വെച്ചിട്ടുള്ള തുക എത്രയാണെന്നും എത്ര തുക അനുവദിച്ച നൽകിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; ചെലവിന്റെ ശതമാനവും ചെലവഴിക്കാതെ ബാക്കിയായതും ഇനം തിരിച്ച് നൽകുമോ;

(ബി) 2016 ന് ശേഷം പുതിയതായി ആരംഭിച്ച ന്യൂനപക്ഷക്ഷേമ പദ്ധതികൾ, നിർത്തലാക്കിയ പദ്ധതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ കേന്ദ്രസർക്കാരിൽ നിന്നും വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ബാക്കിയായ തുക എന്നിവ സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ന്യൂനപക്ഷക്ഷേമ പദ്ധതികളിൽ ഏതിലെങ്കിലും ധനസഹായങ്ങളും ആനുകൂല്യങ്ങളും നിലവിൽ കുടിശികയുണ്ടോ; എങ്കിൽ ഓരോ ഇനത്തിലുമുള്ള കുടിശികയുടെ വിശദാംശവും എന്നുമുതലാണ് കുടിശിക വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ വകയിരുത്തുന്ന തുക മുഴുവൻ അനുവദിക്കുന്നതിനും അവയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പ് വരുത്തുന്നതിനും ആനുകൂല്യങ്ങളും ധനസഹായവും കുടിശികയില്ലാതെ വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഏറനാട് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

3163 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഏറനാട് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇക്കാലയളവിൽ ഏറനാട് മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നുള്ള വിശദാംശം അറിയിക്കാമോ;

(സി) ഇവയ്ക്ക് ഓരോന്നിനും നീക്കിവച്ചിട്ടുള്ള തുക എത്രവീതമാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ; ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇക്കാലയളവിൽ ഏറനാട് മണ്ഡലത്തിനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ഓരോ പദ്ധതിക്കായി ചെലവാക്കിയ ആകെ തുക എത്രയാണെന്ന് വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

**ന്യൂനപക്ഷ ക്ഷേമ വകുപ്പ് അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

3164 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് അരുവിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങളും പി. എം. ജെ. വി. കെ. പദ്ധതികളുടെ വിശദാംശങ്ങളും ഭരണാനുമതി തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ അറിയിക്കാമോ?

**ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള ധനസഹായ പദ്ധതികൾ**

3165 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി എന്തൊക്കെ ധനസഹായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ഇനത്തിൽ ഓരോ വർഷവും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികൾക്കായി ന്യൂനപക്ഷ വിഭാഗത്തിൽ നിന്ന് ഓരോ സമുദായത്തിനും എത്ര രൂപ വീതമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

3166 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിലും സംസ്ഥാനത്തിന് ആകെ എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിക്കാതെ ബാക്കിയുണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയ ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം വകയിരുത്തേണ്ട പദ്ധതികൾ ഏതെല്ലാമെന്നും വകയിരുത്തേണ്ട തുകയുടെ അനുപാതം എത്ര വീതമാണെന്നും ഇത് യഥാസമയം വകയിരുത്താറുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ വിഹിതം വകയിരുത്തേണ്ട പദ്ധതികളിൽ യഥാസമയം വിഹിതം വകയിരുത്താത്തതിനാൽ ഏതെങ്കിലും തരത്തിലുള്ള തുക ഈ കാലയളവിൽ നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും

3167 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും പ്രവർത്തിയ്ക്കുന്നുണ്ട്; പട്ടിക ലഭ്യമാക്കാമോ; ഓരോ കേന്ദ്രത്തിലുമുള്ള വിദ്യാർത്ഥികളുടെ എണ്ണം എത്രയാണ്; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതിയതായി ആരംഭിച്ച പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും എത്രയെണ്ണമുണ്ട്; അവ ഏതെല്ലാമാണ്; വിശദമാക്കാമോ;

(സി) ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും വഴി കഴിഞ്ഞ സർക്കാറിന്റെയും ഈ സർക്കാറിന്റെയും കാലത്ത് എത്ര ഉദ്യോഗാർത്ഥികൾക്ക് യു. പി. എസ്. സി./ പി. എസ്. സി. പരീക്ഷകൾ വിജയിച്ച് ജോലി നേടാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക

3168 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ ബോർഡിന് കീഴിലുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കഴിഞ്ഞ നാലു വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദാംശം നൽകാമോ;

(ബി) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ ബോർഡിന് കീഴിലുള്ള വിവിധ സ്കോളർഷിപ്പുകൾ ഇതുവരെയും വിതരണം ചെയ്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറുടെ കീഴിൽ വിവിധ പദ്ധതികൾക്കായി നടപ്പുവർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ എത്ര ശതമാനം 2025 ജൂലൈ 31 വരെ വിനിയോഗിച്ചുവെന്നതിന്റെ വിശദാംശം നൽകുമോ;

(ഡി) ബജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ അനുവദിച്ച തുക മുഴുവൻ 2026 മാർച്ച് 31-നകം വിനിയോഗിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

## മദ്രസ അധ്യാപക ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം

3169 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റിയുടെ നിർദേശ പ്രകാരം ന്യൂനപക്ഷ ക്ഷേമത്തിനായി രൂപീകരിച്ച മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി നൽകാനുള്ള ഗ്രാന്റിന്റെ കുടിശിക എത്രയാണ്; എത്ര വർഷത്തെ ഗ്രാന്റാണ് നൽകാനുള്ളത്; അവസാനമായി എന്നാണ് ഗ്രാന്റ് നൽകിയത്; വിശദാംശം നൽകാമോ;

(ബി) സർക്കാർ ഗ്രാന്റ് നൽകാത്തതു മൂലം ക്ഷേമനിധി ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് ഗ്രാന്റ് നൽകാൻ ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി കോർപ്പസ് ഫണ്ട് റീ അലോട്ട്മെന്റായി 20 കോടി രൂപ അനുവദിക്കുന്ന പ്രൊപ്പോസൽ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

## ന്യൂനപക്ഷ വകുപ്പിന് വകയിരുത്തിയ തുക

3170 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 - 25, 2025 - 26 വർഷങ്ങളിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടുകളിൽ 25.09.2025 വരെ എത്രശതമാനം തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ഓരോ വർഷവും ഇതിൽ എത്ര ശതമാനം തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ കായിക വകുപ്പ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

3171 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ കായിക വകുപ്പ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

## കല്യാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

3172 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## സ്പോർട്സ് ഇക്കോണമി മിഷൻ പദ്ധതി

3173 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഇക്കോണമി മിഷൻ നടപ്പാക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

3174 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കായിക വകുപ്പ് മുഖേന നടപ്പാക്കിയ വിവിധ പദ്ധതികൾ എന്തൊക്കെയാണ്; ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കായിക വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികൾ

3175 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നൃനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

## ഹെൽത്തി കിഡ്സ് പദ്ധതി

3176 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കായിക വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപ്പാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതിയിൽ വിദ്യാഭ്യാസ വകുപ്പ് നിർവഹിക്കുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകളെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെങ്കിലും മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത ഏജൻസികളെ എപ്രകാരമാണ് തിരഞ്ഞെടുക്കുന്നതെന്നും ഇതിനായി അനുവർത്തിച്ച നടപടിക്രമങ്ങളും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്നും വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത ഏജൻസികൾ മുഖേന നാളിതുവരെ എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനായി നൽകിയിട്ടുള്ള ഉത്തരവുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ?

## കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ

3177 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലം മുതലുള്ള കായിക വികസനത്തിന് കായിക വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കായിക താരങ്ങളെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി അവരെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഒരു കായിക സമ്പദ് വ്യവസ്ഥ വളർത്തണമെന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## ഹെൽത്തി കിഡ്സ് പദ്ധതി

3178 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഹെൽത്തി കിഡ്സ് പദ്ധതിക്കാവശ്യമായ ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) ഒരു സ്കൂളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ വിഹിതമായി എത്ര രൂപയാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

## കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ നടപടി

3179 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതിനായി കായിക വകുപ്പ് കുട്ടികൾക്കും അദ്ധ്യാപകർക്കുമുള്ള കൈപ്പുസ്തകം തയ്യാറാക്കുന്നതിന് തീരുമാനം കൈകൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കായികാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും മികവ് തെളിയിച്ചിട്ടുള്ള കായികതാരങ്ങളെ റിസോഴ്സ് പേഴ്സൺമാരായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ;

(ഡി) കായിക പാഠപുസ്തകങ്ങൾ തയ്യാറാക്കുമ്പോൾ മയക്കുമരുന്നിനും ലഹരി വസ്തുക്കൾക്കും എതിരെയുള്ള ബോധവൽക്കരണ സന്ദേശങ്ങൾ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

## ഹെൽത്തി കിഡ്സ് പദ്ധതി

3180 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വിനോദ പദ്ധതിയായ ഹെൽത്തി കിഡ്സ് പദ്ധതി ഏതെല്ലാം സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എല്ലാ സ്കൂളുകളിലേക്കും വ്യാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കായിക വകുപ്പ് മുഖേന പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

3181 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം,

കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഓരോന്നിന്റെയും നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

## കായിക വകുപ്പ് വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

3182 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ കായിക വകുപ്പുമുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ കായിക വകുപ്പുമുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തികരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശം അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്ന വിവരം വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

## ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

3183 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ച കളിക്കളങ്ങൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇരട്ടയാർ പഞ്ചായത്തിൽ അനുവദിച്ച കളിക്കളത്തിന്റെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(സി) എന്തൊക്കെ സൗകര്യങ്ങളാണ് ഇരട്ടയാർ പഞ്ചായത്തിന്റെ കളിക്കളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ?

## തിരുവനന്തപുരം മണ്ഡലത്തിൽ കായിക വകുപ്പിന്റെ പദ്ധതികൾ

3184 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് മുഖേന തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കായിക പദ്ധതികൾ

3185 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവഹണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## കായിക വകുപ്പ് മുഖേനയുള്ള മട്ടന്നൂർ മണ്ഡലത്തിലെ പദ്ധതികൾ

3186 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് മുഖേന മട്ടന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

## അർജന്റീന – ഓസ്ട്രേലിയ ഫുട്ബോൾ പ്രദർശന മത്സരം

3187 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലയണൽ മെസ്സിയുടെ നേതൃത്വത്തിലുള്ള അർജന്റീന ടീമും ഓസ്ട്രേലിയ ടീമും തമ്മിൽ കേരളത്തിൽ നടക്കുന്ന പ്രദർശന മത്സരത്തിന്റെ സംഘാടനം നിർവഹിക്കുന്നത് ആരാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ലയണൽ മെസ്സിയുടെ നേതൃത്വത്തിലുള്ള അർജന്റീന ടീമും ഓസ്ട്രേലിയ ടീമും തമ്മിൽ കേരളത്തിൽ നടക്കുന്ന ഫുട്ബോൾ പ്രദർശന മത്സരത്തിൽ സർക്കാരിന്റെ പങ്കാളിത്തം എങ്ങനെയൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രദർശന മത്സരം എവിടെ വെച്ചാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രദർശന മത്സരത്തിൽ സർക്കാർ ഫണ്ട് ലഭ്യമാക്കുന്നുണ്ടെങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പ്രദർശന മത്സരത്തിന്റെ ടിക്കറ്റ് വില നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എപ്രകാരമാണെന്ന് അറിയിക്കാമോ?

## വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

3188 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികളാണ് വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിവരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നടപ്പിലാക്കാൻ കഴിയാത്ത പ്രവൃത്തികൾ പ്രസ്തുത മണ്ഡലത്തിലുണ്ടോ; എങ്കിൽ നടപ്പാക്കാൻ കാലതാമസം നേരിടുന്നതിന്റെ വിശദാംശം നൽകാമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

3189 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ എം മുകേഷ്**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമച്വർ കായിക വിനോദങ്ങൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിഭാവനം ചെയ്ത ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം എത്ര കളിസ്ഥലങ്ങൾ നിർമ്മിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ടെന്നും അതിൽ എത്ര എണ്ണം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സ്റ്റേഡിയങ്ങൾ നിലവിലുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) കേരളത്തിലെ പ്രധാനപ്പെട്ട സ്റ്റേഡിയങ്ങളുടെ ഉപയോഗവും ഇരിപ്പിടങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

3190 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

## കായിക വകുപ്പിന് വകയിരുത്തിയ തുക

3191 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും കായികവകുപ്പിന് വകയിരുത്തിയ തുക എത്രയാണെന്നും അതിൽ ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## സംസ്ഥാന സിവിൽ സർവീസ് കായികമേള

3192 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവീസ് കായികമേളയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ ആറുമാസത്തെ സർവീസ് പൂർത്തിയാക്കണം എന്ന നിബന്ധന നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാന സിവിൽ സർവീസ് കായികമേളയിൽ ഇത്തവണയും ഫീസ് ഈടാക്കിയാണോ ജീവനക്കാരെ മത്സരത്തിൽ പങ്കെടുപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 2024-25 സാമ്പത്തിക വർഷം സിവിൽ സർവീസ് കായികമേളയിൽ ഫീസ് ഇനത്തിൽ ഓരോ സ്പോർട്സ് കൗൺസിലിലും എത്ര തുക വീതം ലഭിച്ചു എന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ?

## കായികതാരങ്ങൾക്ക് പാരിതോഷികം നൽകാൻ നടപടി

3193 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ഒളിമ്പിക്സ്, ഏഷ്യാഡ്, കോമൺവെൽത്ത് ഗെയിംസ്, നാഷണൽ ഗെയിംസ്, ലോക ചാമ്പ്യൻഷിപ്പുകൾ, മറ്റ് ദേശീയ അന്തർദേശീയ മത്സരങ്ങൾ തുടങ്ങിയവയിൽ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുള്ള സംസ്ഥാനത്തെ കായികതാരങ്ങളുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കായികതാരങ്ങൾക്ക് 2021 മുതൽ നാളിതുവരെയും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമ്മാനത്തുകകളുടെയും സർക്കാർ ജോലികളുടെയും മറ്റു വാഗ്ദാനങ്ങളുടെയും വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കായിക താരങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച പാരിതോഷികങ്ങൾ ഇതുവരെയും ലഭിച്ചിട്ടില്ലാത്തവരുടെ വിവരവും അത് ലഭ്യമാക്കാത്തതിനുള്ള കാരണവും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കായിക താരങ്ങളിൽ ആരെങ്കിലും സർക്കാർ പ്രഖ്യാപിച്ച പാരിതോഷികങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ വിവരവും അതിന്റെ കാരണവും വ്യക്തമാക്കാമോ?

## അർജന്റീന ടീമിന്റെ സൗഹൃദ മത്സരം

3194 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എച്ച്. സലാം**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരണം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) അർജന്റീന ടീമിന്റെ സൗഹൃദ മത്സരം വഴി കായികരംഗത്ത് എന്തൊക്കെ മാറ്റങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(സി) പരിശീലന-മത്സര രംഗത്ത് അർജന്റീന ഫുടബോൾ അസോസിയേഷനുമായി സഹകരണത്തിന് ധാരണയായിട്ടുണ്ടോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ കരാർ

3195 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം കളിക്കളങ്ങൾ നിർമ്മിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കുന്ന പദ്ധതി എസ്റ്റിമേറ്റുകളിൽ ആന്വൽ മെയിന്റനൻസിനായി നീക്കി വയ്ക്കുന്ന തുകയുടെ നിരക്ക് എത്രയാണെന്നും ഇതിൽ ഏതൊക്കെ ഇനങ്ങളുടെ മെയിന്റനൻസാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ആന്വൽ മെയിന്റനൻസ് സേവനം എത്ര കാലയളവിലേക്കാണ് ലഭ്യമാകുകയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ഒപ്പുവയ്ക്കുന്നതിനോടൊപ്പം ആന്വൽ മെയിന്റനൻസ് സംബന്ധിച്ച വ്യവസ്ഥകളും കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യവസ്ഥകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ വ്യവസ്ഥകൾ പ്രകാരം മെയിന്റനൻസ് നടപടികളുടെ ചുമതല ഏതു വകുപ്പാണ് നിർവ്വഹിക്കുകയെന്നും ഓരോ ഗ്രൗണ്ടിനും ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

## റോളർ സ്കേറ്റിംഗിന് അടിസ്ഥാന സൗകര്യം

3196 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ റോളർ സ്പോർട്സ് (സ്കേറ്റിംഗ്) മത്സരങ്ങൾക്കും പരിശീലനത്തിനുമായി അടിസ്ഥാന സൗകര്യം, ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് എന്നിവ നിർമ്മിക്കുന്നതിനായി കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽ സ്ഥലം അനുവദിച്ചതിന്റെ ഔദ്യോഗികമായ അറിയിപ്പ് യൂണിവേഴ്സിറ്റി അധികൃതരിൽ നിന്നും ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി കായിക വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് നിർമ്മിക്കുന്നതിനായി എത്ര ഏക്കർ സ്ഥലമാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) അന്താരാഷ്ട്ര നിലവാരത്തിൽ ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായുള്ള ഡി. പി. ആർ. തയ്യാറാക്കുന്നതിനും നിർമ്മാണത്തിനുമായി 2025-26-ലെ പ്ലാൻ ഫണ്ടിൽ നിന്നും ആവശ്യമായ തുക സ്പോർട്സ് കേരള ഫൗണ്ടേഷന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സാഹസിക കായിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി കായിക വകുപ്പ്, ഒളിമ്പിക് അസോസിയേഷൻ, കേരള സ്പോർട്സ് കൗൺസിൽ, വിനോദസഞ്ചാര വകുപ്പ് എന്നിവ സംയുക്തമായി അന്താരാഷ്ട്ര വിഴിഞ്ഞം/ അനന്തപുരി സ്കേറ്റത്തോൺ ടെക്നോ പാർക്ക് ക്യാമ്പസിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) 2025 ജൂലൈ 19 മുതൽ 30 വരെ സൗത്ത് കൊറിയയിൽ വച്ച് നടന്ന ഇരുപതാമത് ഏഷ്യൻ റോളർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ മെഡലുകൾ ലഭിച്ച മലയാളി താരങ്ങൾക്ക് അവാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഒഴിഞ്ഞു കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ താൽക്കാലിക കളിസ്ഥലങ്ങൾ ആക്കാൻ നടപടി**

3197 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിസ്ഥലങ്ങളുടെ അഭാവം മൂലം നാട്ടിലെ യുവതീയുവാക്കൾക്ക് കായികക്ഷമത നഷ്ടപ്പെടുകയും മൊബൈൽ ഗെയിമുകളിൽ അഭയം പ്രാപിക്കുന്നതുമായിട്ടുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് ഒഴിഞ്ഞു കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താൽക്കാലിക കളിസ്ഥലങ്ങൾ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞ രീതിയിൽ കളിസ്ഥലങ്ങൾ തയ്യാറാക്കുമ്പോൾ വനിതകൾക്ക് കൂടി പ്രാപ്യമായ രീതിയിൽ കളി സ്ഥലങ്ങൾ ക്രമീകരിക്കുവാൻ മുൻകൈയെടുക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) കലാ കായിക സാഹിത്യ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാത്ത യുവജനങ്ങളിൽ ഒരു വിഭാഗം വർഗീയതയിലേക്കും ലഹരിയിലേക്കും എത്തിപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ഇത്തരം യുവജനങ്ങളെ പൊതുധാരയിലേക്ക് കൊണ്ടു വരുന്നതിന് വേണ്ടി നാട്ടിലെ ക്ലബ്ബുകൾക്കും വായനശാലകൾക്കും കലാകായിക സാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ചായ്യോത്ത് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ കായിക വകുപ്പ് മുഖേന ആരംഭിച്ച പദ്ധതി**

3198 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ കായിക വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ?

## കായിക വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം

3199 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഓരോ റിപ്പോർട്ടും സമർപ്പിച്ച തീയതി എന്നാണെന്നും ഓരോ റിപ്പോർട്ടിന്മേലും നാളിതുവരെ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചുവെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നവീകരണം

3200 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട ചിറക്കര ഗ്രാമപഞ്ചായത്തിലെ ഉളിയനാട് ഗവ. ഹൈസ്കൂളിൽ സംസ്ഥാന കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറുടെ നിർവഹണച്ചുമതലയിൽ, എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അൻപത് ലക്ഷം രൂപ വിനിയോഗിച്ച് കളിസ്ഥലം നിർമ്മിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള നെല്ലേറ്റിൽ ഗ്രൗണ്ട് എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അറുപത് ലക്ഷം രൂപ വിനിയോഗിച്ച് സംസ്ഥാന കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറുടെ നിർവഹണച്ചുമതലയിൽ നവീകരിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

## പട്ടാമ്പി നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

3201 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ എൽ. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതു മുതൽ നാളിതു വരെ കായിക വകുപ്പ് മുഖേന പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## പരസ്യത്തിനായി ചെലവഴിച്ച തുക

3202 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം

മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം ലഭ്യമാക്കുമോ?

## പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം

3203 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നക്ഷത്രചിഹ്നമിടാത്ത... 

(എ) തരൂർ മണ്ഡലത്തിലെ പുതുക്കോട് ഗ്രാമ പഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കായിക വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി

3204 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കുമോ?

## കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ

3205 **ഡോ. കെ. ടി. ജലീൽ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനുമായി കായിക വകുപ്പിനു കീഴിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ എത്ര കളിക്കളങ്ങളും സ്റ്റേഡിയങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരിപാലനത്തിനായി ഏറ്റെടുത്തിട്ടുണ്ടെന്നും ഇതിനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന്റെ നിലവിലെ മറ്റ് പ്രവർത്തനങ്ങളും സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിവരങ്ങളും വിശദമാക്കുമോ?

## കേരള സ്പോർട്സ് കൗൺസിലിലെ ക്രമക്കേട്

3206 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈക്ക, ഖേൽ അഭിയാൻ, ഖേലോ ഇന്ത്യ എന്നീ കായിക പദ്ധതികളുമായി ബന്ധപ്പെട്ട് കേരള സ്പോർട്സ് കൗൺസിലിന് അനുവദിച്ച കേന്ദ്ര, സംസ്ഥാന ഫണ്ടിൽ ക്രമക്കേട് നടത്തിയത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് നൽകിയ പരാതി മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും കായിക വകുപ്പ് മന്ത്രിയുടെ ഓഫീസിലേക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതി സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്നറിയിക്കുമോ;

(സി) ആരോപണ വിധേയമായ സ്ഥാപനത്തിന്റെ സെക്രട്ടറിയെതന്നെ പ്രസ്തുത വകുപ്പുതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

## വളപട്ടണം സി.എച്ച്. മുഹമ്മദ്കോയ സ്മാരക ഗവ: ഹയർസെക്കണ്ടറി സ്ക്കൂളിലെ ഗ്രൗണ്ട് നവീകരണ പ്രവൃത്തി

3207 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ വളപട്ടണം സി. എച്ച്. മുഹമ്മദ്കോയ സ്മാരക ഗവ: ഹയർസെക്കണ്ടറി സ്ക്കൂളിൽ കായിക വകുപ്പ് മുഖേന നടത്തുന്ന ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകാമോ?

## പഴമ്പാലക്കോട് സ്കൂൾ ഗ്രൗണ്ട് പ്രവൃത്തിയുടെ പുരോഗതി

3208 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ എസ്.എം.എച്ച്.എസ്.എസ്. പഴമ്പാലക്കോട് സ്കൂൾ ഗ്രൗണ്ട് പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കാൻ നടപടി

3209 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 18 വയസ്സിൽ താഴെയുള്ളവർക്ക് മാത്രമായി സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലിലെ അന്തേവാസികളുടെ എണ്ണം വ്യക്തമാക്കുമോ?

## താമരക്കുളം സ്റ്റേഡിയം നിർമ്മാണം

3210 **ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

## തിരുവല്ല പബ്ലിക് സ്റ്റേഡിയം

3211 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നഗരസഭയുടെ കീഴിലുള്ള പബ്ലിക് സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതി തിരുവല്ല നഗരസഭ സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ?

## നെടുകണ്ടം പച്ചടിയിലെ ജില്ലാ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി

3212 **ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ നെടുങ്കണ്ടം പച്ചടിയിൽ നിർമ്മാണം പൂർത്തിയായി വരുന്ന ജില്ലാ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതിയുടെ വിശദാംശം നൽകാമോ;

(ബി) ഏതൊക്കെ കായിക ഇനങ്ങൾ നടത്തുവാനുള്ള സൗകര്യമാണ് ഈ സ്റ്റേഡിയത്തിൽ ഏർപ്പെടുത്തുന്നത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ കാലാവധി എന്നുവരെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കളിസ്ഥലങ്ങളുടെ നിർമ്മാണ പുരോഗതി

3213 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ (2016-21) കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ എത്ര സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയവ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ കളിസ്ഥലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

## സംസ്ഥാനത്തെ കളിസ്ഥലങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി

3214 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കായിക വിനോദത്തിനുള്ള കളിസ്ഥലങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ സ്കൂൾ, കോളേജ്, സ്പോർട്സ് കൗൺസിൽ, മറ്റ് ഏജൻസികൾ എന്നിവരുടെ കൈവശമുള്ള എല്ലാ കളിസ്ഥലങ്ങളും പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കാൻ തുറന്നു കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പുതുതലമുറയെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ കായിക വകുപ്പ് നടപ്പാക്കി വരുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## നെന്മാറ നിയോജക മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നിർമ്മാണം

3215 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ നെന്മാറ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടം വരെയായിയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കളിസ്ഥലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം

3216 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിലെ കളിസ്ഥലങ്ങൾ

3217 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ നന്തിക്കര ജി.വി.എച്ച്.എസിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി അനുവദിച്ച കളിസ്ഥലത്തിന്റെ വികസന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ പുതുക്കാട് മണ്ഡലത്തിലെ തൃക്കൂർ സർവോദയ ഹൈസ്കൂൾ ഗ്രൗണ്ട്, വല്ലച്ചിറ പഞ്ചായത്ത് ഗ്രൗണ്ട് എന്നിവയുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്നും അവയുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നും എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കളിസ്ഥല വികസനത്തിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

## കാവശ്ശേരി സ്കൂൾ ഗ്രൗണ്ട് പ്രവൃത്തിയുടെ പുരോഗതി

3218 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ കാവശ്ശേരി കെ. സി. പി. എച്ച്. എസ്. എസ്. ഗ്രൗണ്ട് പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം

3219 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

## പാപ്പിനിശ്ശേരിയിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയം

3220 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ കീഴിൽ അഴീക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരിയിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയം പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) എന്തൊക്കെ പദ്ധതികളാണ് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഭാഗമായി നടപ്പാക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

## കായിക താരങ്ങൾക്ക് സർക്കാർ സ്കൂളിൽ നിയമനം

3221 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം കേരളത്തിലെ സർക്കാർ സ്കൂളുകളിൽ കായിക അധ്യാപകരായി പ്രസ്തുത താരങ്ങളെ നിയമിക്കുന്നതിന് വകുപ്പ് മുൻകൈയെടുക്കുമോയെന്ന് വിശദമാക്കാമോ?

## തിരുവനന്തപുരത്ത് വഖഫ് ബോർഡിന്റെ ഡിവിഷണൽ ഓഫീസ് നിർമ്മാണം

3222 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വഖഫ് ബോർഡിന്റെ ആറ് ഡിവിഷണൽ ഓഫീസുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ എട്ട് സർവ്വെ നമ്പർ നാലിൽപ്പെട്ട മുപ്പത്തിനാല് സെന്റ് പുറമ്പോക്ക് ഭൂമി പ്രസ്തുത ഓഫീസ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി വഖഫ് ബോർഡിന്റെ ഡിവിഷണൽ ഓഫീസ് നിർമ്മാണത്തിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് 18.04.2022-ൽ നൽകിയ കത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസ് നിർമ്മാണത്തിന് അടിയന്തരമായി സ്ഥലം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഹജ്ജ് കമ്മിറ്റി മുഖേനയുള്ള ഹജ്ജ് തീർത്ഥാടനം

3223 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മുതൽ നാളിതുവരെ സംസ്ഥാനത്ത് നിന്നും ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് നിർവഹിച്ച തീർത്ഥാടകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഹജ്ജ് തീർത്ഥാടകർക്കായി സാങ്കേതിക പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ലഭ്യമായിട്ടുള്ള തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

## നിലമ്പൂർ നഞ്ചങ്കോട് റെയിൽവേ ലൈൻ

3224 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനും കർണ്ണാടകത്തിനും ഇടയിൽ ഹ്രസ്വദൂര കണക്റ്റിവിറ്റി നൽകുന്ന നിർദിഷ്ട നിലമ്പൂർ -നഞ്ചങ്കോട് റെയിൽവേ ലൈൻ പ്രാവർത്തികമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ല കൂടി റെയിൽവേ ഭൂപടത്തിൽ ഇടം പിടിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കോട്ടയം–എറണാകുളം പുതിയ റെയിൽ പാത

3225 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ**

**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-എറണാകുളം പുതിയ റെയിൽ പാതയ്ക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച പ്രാഥമിക പഠനം നടത്തുന്നതിന് ഏത് ഏജൻസിക്കാണ് നിർദേശം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിർദിഷ്ട പാതയുടെ നീളം എത്ര കിലോമീറ്ററാണെന്നും ഏതൊക്കെ സ്ഥലങ്ങളിലൂടെ പ്രസ്തുത പാത കടന്നുപോകുമെന്നും വ്യക്തമാക്കാമോ;

(സി) പുതിയ പാത നിർമാണത്തിലൂടെ കോട്ടയം-തൃശ്ശൂർ യാത്രാസമയം എത്രയായി ചുരുങ്ങുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## <u>കാപ്പിൽ റെയിൽവേ അണ്ടർ പാസേജ് നിർമ്മാണം</u>

3226 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കാപ്പിൽ റെയിൽവേ അണ്ടർ പാസേജ് നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ആയത് ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
29-09-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].